# വനമാല

കുമാരനാശാൻ

# വനമാല

**കവിതാസമാഹാരം**

## കുമാരനാശാൻ

**താളിളക്കം**

**2020**

പേര്: **വനമാല**

ഭാഷ: മലയാളം

വിഭാഗം: കവിതാസമാഹാരം

രചന: കുമാരനാശാൻ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## ഉള്ളടക്കം

ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര
കളകണ്ഠഗീതം
ഒരു പാട്ട്
ഒരു തീയക്കുട്ടിയുടെ വിചാരം
അച്ഛൻ
ഒരു സന്ധ്യ
എന്റെ പ്രമാണം
ലോകം
ഉൾനാട്ടിലെ ഓണം
പ്രാണിദയ
പൂവാം പൊഞ്ചഷകത്തിങ്കൽ
ഗുണഗണങ്ങൾ
എന്റെ സ്നേഹിതന്റെ ദേഹവിയോഗം
പറന്നു പോയ ഹംസം
അനുശോചനം
ഒരു ചരമം
ചരമശ്ലോകങ്ങൾ
ചെറിയവ
ജീവിതവും മരണവും
നമ്മുടെ മൂടുപടം
അഹിംസ
നെയ്ത്തുകാരുടെ ഒരു പാട്ട്
ഭാഷാമനീഷാപഞ്ചകം
ഒരു തർജ്ജമ
ഡൽഹി കിരീടധാരണം
പള്ളിക്കെട്ടു മംഗളാശംസ
ഷഷ്ടിപൂർത്തിമംഗളം
മംഗളാശംസകൾ
കേരളവർമ്മതിരുനാൾ മംഗളം
ഒരു യാത്രാമംഗളം (ദിവാൻ രാജഗോപാലാചാരിക്ക്)
ഒരു യാത്രാമംഗളം (സർ എം. കൃഷ്ണൻ നായർക്ക്)
ഒരു യാത്രവഴങ്ങൽ

**രണ്ടു മംഗളാശംസകൾ**

**മൂലൂരിനയച്ച കത്ത്**

**ഒരു മറുപടി**

**അഭിപ്രായ പദ്യങ്ങൾ**

**ഒരു എഴുത്ത്**

**ഒരു അനുമോദനം**

**ഉദിക്കുന്ന നക്ഷത്രം സ്വാമിതിരുനാൾ മംഗളം**

**ഗുരു**

**സ്വാമിതിരുനാൾ വഞ്ചിപ്പാട്ട്**

**ഗുരുപാദദശകം**

**എഡ്വാർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന**

**ഒരു വിവാഹമംഗളപ്രാർത്ഥന**

**സരസ്വതീപഞ്ചകം**

**ശിവമാഹാത്മ്യസ്തോത്രം**

**ശിവഭക്തിപഞ്ചകം**

**കരുണാനിധിസ്തോത്രം**

**ഭാഷാമേഘസന്ദേശം**

## ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര

ആറായി കൊല്ലമതുമല്ലഥ സംഭവങ്ങൾ
നൂറായതിന്നുപരിയെങ്കിലുമോർമ്മതന്നിൽ
മാറാതെ, മേൽ മണൽപെട്ടം നിഴൽപോലെ പൊങ്ങു-
മാറായി കൗതുകമൊടാ വനയാത്രയിന്നും

എന്നല്ലയന്നു സുഖജാഡ്യമിയന്ന ചിത്ത-
മിന്നർന്നിതുൽകലികയക്കഥ പാടുവാനും
സ്പന്ദിച്ചിടാതരിയ പൂമധുവുണ്ടു തെല്ല
മന്ദിച്ചിരുന്ന മുരളുന്നൊരു വണ്ടുപോലെ.

കാണുന്നു ഞാനരുവി വീഴവതിപ്പൊഴും, മൽ-
പ്രാണങ്ങൾ നിർവ്വതികലർന്നതിൽ നിന്നിടുന്നു
വാണിക്കതിൽത്തുനിയുവാൻ വിരുതറ്റപോലെ
പോണായതാദ്യമതിദൂരവനത്തെ വാഴ്ത്താൻ

തുംഗാതടം മുതൽ വടക്കു തുടർന്നു കാണും
ശൃഗംങ്ങൾമേൽ മിഴിയെയിന്നുമിഴച്ചിടുന്നു
തുംഗാനുബന്ധികൾ നഭഃസ്ഥലി തന്നെ വേട്ട
ഭൃംഗാസിതച്ഛവികൾ പശ്ചിമപർവ്വതങ്ങൾ

ചൊൽക്കൊണ്ടിടുന്ന 'ശിമഗാ'നഗരത്തിൽ നിന്നു-
മക്കാളവണ്ടി വഴിയേ നെടുരഥ്യയുടെ
ഉൾക്കൊണ്ട കൗതുകമുരപ്പതിനിഷ്ടരെന്യേ-
യുൽക്കണ്ഠപൂണ്ടു വനഭ്രവണയുന്നിതാ ഞാൻ

സാലങ്ങൾ വിട്ടുപരി പൂങ്കൊടി സഞ്ചരിക്കു-
മ്പോലംബരത്തിൽ മയിൽ വട്ടമിടും വനങ്ങൾ
ഹാ! ലക്ഷ്യമായി, നടകൊൾവൊരു ഗണ്ഡശൈല-
ജാലംകണക്കുലയുമാനയെഴും സ്ഥലങ്ങൾ

തത്സീമതന്നില'യന്നൂരി'ലൊരേടമെത്തി
മൽസൗഹൃദൈകനിധി വാഴ്വതു നോക്കിനോക്കി

ഉത്സാഹമത്ഭുതമിവറ്റയൊടെന്റെയുള്ളി-
ലൗത്സുക്യവും ത്വരയുമായ് വഴി നീങ്ങിടുന്നു.

ആരണ്യപുഷ്പനിരയല്ലഥ ബംഗളൂരു-
ള്ളാരാമരമ്യ കുസുമോൽകരമൊന്നുമല്ല
ദൂരത്തിലാപ്രിയതയാർന്ന മുഖങ്ങളൊട്ടു
താരങ്ങൾതാണവിടെ നില്പതുപോൽ സ്ഫുരിപ്പൂ.

ചിന്തിക്കിലിന്നുമതഹോ നവഹർഷബാഷ്പം
ചിന്തുന്ന കണ്ണി,ലതിരറ്റെഴുമേ പ്രമോദം
സ്വന്തംഗൃഹങ്ങളിലുമിഷ്ടരണഞ്ഞിറ്റുമ്പോ-
ളെന്താകണം കഥ വിദേശവനാന്തരത്തിൽ!

സ്നേഹം ജഗത്തിതിനു ജീവിതമാം നിനയ്ക്കിൽ
മോഹാന്തജീവിതമതിന്നുമഹോ വിളക്കാം
ആകാന്തകോശംഹ ഞാനെഴുതീടിലേകും
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞകൂടി

ലോകാനുരാഗമിയലാത്തവരേ, നരന്റെ-
യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ
ഏകാന്തനിർമ്മമതരേ, വെറുതേ വനത്തി-
ന്നേകാന്തമാം ഗുഹവെടിഞ്ഞു വെളിപ്പെടായ്‌വിൻ.

എത്തുന്നതേ മിഴിയിലെന്നിലുദിക്കുമൻപാൽ
വിസ്താരിതേക്ഷണമെഴും സുകുഖൻ സഖാതാൻ
പ്രത്യക്ഷമായ് വിദുഷിയാം പ്രിയയോടുമെന്മേ-
ലത്യന്തമുൾപ്രിയമിയന്ന കിടാങ്ങളോടും.

ഓർക്കുന്നിതങ്ങവർ മുസാവരിതന്നിലെന്നെ-
പ്പാർക്കുന്നതും കുളികഴിഞ്ഞു കുതൂഹലത്താൽ
നോക്കിന്നുനോക്കു, മകമേ പ്രിയമേലുമോരോ
വാക്കിന്നുവക്കുമരുളുന്നതുമുണ്മതും ഞാൻ

ചിന്തിപ്പൂ, പോയൊട്ടുവിലച്ചെറുകാനനത്തിൽ
ചന്തങ്ങൾ കണ്ടിടയിൽ നില്പതിരിപ്പതും ഹാ!
സന്തുഷ്ടിപൂണ്ടുഴറി ഞങ്ങൾ നികേതനത്തി-
ലന്തിക്കുമുമ്പണവതും പതഗങ്ങൾപോലെ.

പാരം തെളിഞ്ഞ ഹൃദയങ്ങളിലങ്ങു കണ്ട-
തോരോന്നുമാശു നിഴലിച്ചു കിനാവു കണ്ടും
തീരാത്ത കൗതുകഭരത്തൊടടുത്തനാൾ ഹാ!
നേരം വെളുപ്പതിനുമുമ്പുണരുന്നു ഞങ്ങൾ.

ആലോലമൂതുമൊരു കാറ്റിലഹോ ജനത്തി-
ന്നാലാപമേതുമിയലാത്ത വനാന്തഭൂവിൽ
കാലത്തുണർന്നു കളനാദമെഴുന്ന പക്ഷി-
ജാലങ്ങൾ പാടിടുവതാത്മസുഖം തരുന്നു.

പോകാതെയും ശിശിരമുദ്ഭടപുഷ്പകാല-
മാകാതെയും സ്വയമുഷസ്സിൽ ഹിമാർദ്രമായും
ഏകുന്നു കൗതുക, മിളംതളിരാർന്നു, കന്യാ-
പാകത്തിൽനിന്നു, പരിശുദ്ധവനാന്തഭംഗി.

കാണുന്നു ഞങ്ങളുണപൊട്ടിയപോൽക്കിഴക്കു
ചേണാർന്നു ചിന്തുമരുണാരുണകാന്തിപൂരം
ക്ഷോണീതലം നിറവതും ഹിമശീകരങ്ങൾ
മാണിക്യശോഭ തടവുന്നതുമൊട്ടുനേരം.

അന്നന്തിയാവതിനകം 'ബനവല്ലി'യെത്താ-
നൊന്നിച്ചു കൗതുകമൊടൊത്തു തിരിച്ചു ഞങ്ങൾ
ചെന്നീടവേ ധരയുമംബരവും മറച്ചു
നിന്നീടുമായടവിയുള്ളമുലച്ചു പാരം.

മെല്ലെന്നു ശാഖികളിലൂതിയ കാറ്റിലൂർമ്മി-
തല്ലുന്നപോലിളകിനിന്ന മഹാവനത്തിൽ
ഉല്ലാസമാർന്നു നടുവേ മുഴുകുന്നു ഞങ്ങ-

ളെല്ലാവരും കടലിൽ മത്സ്യഗണംകണക്കെ.

സൂര്യൻ പുറത്തെഴുമിരുട്ടുമകത്തു കാറ്റിൻ-
കാര്യം വെടിഞ്ഞ നിലയും സുഖമാം തണുപ്പും
പര്യാകുലം കിളികൾതൻസ്വനവും മരത്തിൻ
നിര്യാസഗന്ധവുമഹോ! കവരുന്നു ചിത്തം.

നോക്കുന്ന ദിക്കുകളിലൊക്കെ മഹാതരുക്കൾ,
പൂക്കും മഹാലതകൾ, ഭൂരി മുളന്തടങ്ങൾ,
നിൽക്കാതെ വെള്ളിലകൾ വീണവ മെത്തയായു-
ള്ളക്കാട്ടിലെത്തറകളാരിഹ വാഴ്ത്തുമെല്ലാം!

ഓടിപ്പൂ ബാഹ്യകരണങ്ങളെ ഞങ്ങളെ, കാട്ടിൻ
മോടിപ്രഭാവമതിലങ്ങവ മങ്ങി നില്പൂ
ക്രീഡിച്ചു വാടിയ കിടാങ്ങൾകണക്കെ വൃഷ്ടി
താഡിച്ച പിച്ചിമലരിൻ നികരംകണക്കെ.

കണ്ടാ മനൊജ്ഞതകൾ കുട്ടികൾ വിസ്മയിച്ചു-
കൊണ്ടാശു ഞങ്ങടെ മുഖങ്ങളിൽ നോക്കിയും ഹാ!
കൊണ്ടാടി ഞങ്ങളിതരേതരവും മിഴിച്ചു
മിണ്ടാതിരിപ്പു ശിവനേ! മൊഴി തോന്നിടാതെ.

പെട്ടെന്നു ഞങ്ങളൊരലൗകികമാം സുഖത്തിൽ-
പ്പെട്ടെന്തിവണ്ണ?-മഥവാ സ്വയമാദിശക്തി
വെട്ടിത്തെളിച്ചു, വികൃതാകൃതിയാക്കിടാതെ
വിട്ടുള്ള ഭൂപ്രകൃതിഭംഗിയിൽ വാഴ്വു ദേഹി.

ഓടാതെ, കണ്ഠമണിനാദമെഴാതെ, ഭക്തി-
തേടുന്നവാറിവിടെ മന്ദമഹോ നടപ്പൂ
ഈടാർന്ന വണ്ടിയെയിഴച്ചിണയൊത്ത മൈസൂർ-
മാടും മലഞ്ചെരിവിൽ വെണ്മുകിലിൻദ്വയംപോൽ.

ഒട്ടപ്പുറത്തുടനെ ഞങ്ങൾ ദിനേശരശ്മി

പെട്ടങ്ങുമിങ്ങുമിടവിട്ട മരങ്ങൾ കണ്ടു
പെട്ടെന്നു വീർപ്പുതടവു, മനവും കിനാവു-
വിട്ടങ്ങുഷസ്സിലുണരും ശിശുപോൽക്കളിപ്പൂ.

നൂനം മനോഹരവനങ്ങളിലിച്ഛപോലെ-
യാനന്ദമാർന്നു മരുവും ചരജീവിവൃന്ദം
ജ്ഞാനം വഹിക്കുകിലവറ്റയിലേകമാവാൻ
ഞാനെപ്പോഴും മതിയിൽ മോഹമിയന്നിടുന്നു.

നിൽക്കാമടുത്തിവിടെയാന മുളന്തടത്തിൽ
ഇക്കണ്ട വള്ളിമറയിൽക്കടുവാ കിടക്കാം
അക്കാര്യമോർത്തടവിയിൽ പ്രണയം വിടുന്നി-
ല്ലുൾക്കാമ്പു പേടിയറിയാ സുഖമേറിടുമ്പോൾ.

വിണ്ണറ്റമാഞ്ഞുവളരും മുളതന്റെ മൈലിൻ-
കണ്ണറ്റ പീലിസമമാം തഴ കാറ്റിലാടി
തിണ്ണെന്നഴുക്കുകൾ തുടച്ചു നഭസ്സിൽ നീല-
വർണ്ണം പുതുക്കിടുകയല്ലി വസന്തമെത്താൻ?

കെട്ടിശ്ശിശുക്കളെയിഴച്ചു മരത്തിലൊന്നു
വിട്ടൊന്നിലൂക്കോടു കുരങ്ങുകൾ ചാടീടുമ്പോൾ
പൊട്ടിച്ചിരിച്ചു വഴിമേലരുളുന്നു ഞങ്ങൾ-
ക്കൊട്ടേറെ മോദമതിവിസ്മിതരാം കിടാങ്ങൾ.

പോയാശു ഞങ്ങളഥ വണ്ടിയിൽ നിന്നിറങ്ങി-
സ്സയാഹ്നശോഭയതു കണ്ടു നടന്നു മന്ദം
ആയാസമെന്നിയണയുന്നു ഖഗങ്ങൾ കുറവും
തോയാശയത്തിനരികിൽച്ചെറു ബങ്കിളാവിൽ.

നില്ലാതെ പോയ് ശിശിരമേറെ വിടർന്ന പൂക്ക-
ളില്ലായ്കിലും നെടിയ പൊയ്ക തരുന്നു മോദം
വല്ലാത്ത രോഗവിഷമസ്ഥിതി വിട്ടു മെല്ലെ-
യുല്ലാഘഭാവമെഴുമിഷ്ടജനം കണക്കെ.

ആർത്തും വിളിച്ചുമിടയിൽച്ചിറകാഞ്ഞടിച്ചു
നീർത്തുള്ളിപാറി നിരയായ് നിരയായ്പ്പറന്നും
പേർത്തും ജലോപരി പതിച്ചുമുഴന്നു പക്ഷി-
ച്ചർത്തുല്പതിച്ചുമിത ചേക്കു തിരഞ്ഞിടുന്നു.

മേയുന്ന കാലികളുമൊത്തിടയക്കിടാങ്ങൾ
പോയുള്ള പുല്ലുകൾ നിറഞ്ഞ നിലത്തിലൂടെ
തേയാത്തൊരോർമ്മ തരുമപ്പകൽ പൊയ്കവക്കിൽ
മായുന്നതോർത്തവിടെ ഞങ്ങൾ നടന്നിടുന്നു.

ദൂരത്തു പശ്ചിമതടത്തിലെരിഞ്ഞടങ്ങും
സൂര്യന്റെ കാന്തിയുമിരുട്ടുമിടഞ്ഞിടുന്നു
ഊരിൽക്കൊളുത്തിയ വിളക്കുകൾ പൊങ്ങിടാത്ത
താരങ്ങൾപോലകലെ മങ്ങി വിളങ്ങിടുന്നു.

മേടാകുമസ്ഥലമതിൽച്ചെറുബങ്കിളാവിൽ-
ക്കുടാരമപ്പരിജനങ്ങളൊരുക്കി മുമ്പേ
വീടാക്കിയൂണിനുമുറക്കിനുമേതുമല്ലൽ-
കൂടാതെ രാത്രിയിലതിൽക്കഴിയുന്നു ഞങ്ങൾ.

മിണ്ടാതെ കുട്ടികൾ കിടക്കയണഞ്ഞു, കുമ്പും
തണ്ടാരുപോലെ മിഴിപൂട്ടിയുറങ്ങിടുമ്പോൾ
കണ്ടാളെഴാത്ത മലനാട്ടിലെ രാവു ഞങ്ങൾ
രണ്ടാമതും വെളിയിലെത്തിയിരുന്നിടുന്നു.

അന്തിക്കു മൊട്ടുകൾ വിടർന്നൊരു കാട്ടുമല്ലി
ചിന്തും മണത്തൊടു തണുത്തു കൊഴുത്ത തെന്നൽ
പന്തിക്കു ചെറ്റു പനിനീരു പൊടിഞ്ഞു വീശി-
യെന്തുള്ളലിഞ്ഞു കളഭം കുടയുന്നതല്ലീ?

ചാരത്തു കായ്സിര പഴുത്തു മണം കലർന്ന
പേരാലിൽ വന്നു കടവാതിൽ നിറഞ്ഞുപോയി

നേരേ നിലാവതിൽ മുതിർന്നു പറന്നു മൂങ്ങ-
യോരോരു മൂലകളിൽ മൂളിയിരുപ്പുമായി.

എങ്ങും പരക്കുമൊരുമൂടലിയന്നുമങ്ങു-
മിങ്ങും ചടച്ചു വിളറും ചെറുകൊണ്ടലാർന്നും
മങ്ങും നിലാവിൽ മരവും നിഴലും നിലത്തി-
ലങ്ങങ്ങു രാവിരുളു കൂട്ടുവതോ നിരത്താൻ?

ഏറുന്നൊരിമ്പമതിനാൽ മൊഴിവിട്ടു ഞങ്ങൾ
കൂറാർന്നിടുന്നു തനിയേ വെറുതേയിരിപ്പിൽ
പാരില്പ്പലേ സുഖമയൂഖഗണത്തിനൊറ്റ-
വേരായടിക്കു വിലസും രവി മൗനമത്രേ.

വിട്ടങ്ങിരിക്കവെയുടൻ മലർപോയൊഴിഞ്ഞ
ഞെട്ടാക്കിയുള്ളിലണയും തനതോമലാളെ
ഒട്ടോർത്തിരുന്നിനിയ തോഴർ തുടർന്നുപോയ
മട്ടും മറന്നവിടെ ഞാൻ തനിയേയിരിപ്പൂ.

വായ്ക്കുന്നതില്ല മതിയാർന്ന വെളിച്ചമെങ്ങും
നോക്കുന്ന താരകങ്ങൾ നിന്നു മയങ്ങിടുന്നു
കേൾക്കുന്നതുണ്ടു ചെറുകാറ്റിനിരമ്പൽ മെല്ലെ-
ക്കൂർക്കംവലിച്ചുലകുതന്നെയുറങ്ങുകല്ലീ?

(അപൂർണ്ണം)
അനുബന്ധം

രണ്ടായി കൊല്ലമതുമല്ലിതിനുള്ളിലേറെ-
യുണ്ടായി സംഭവമിതൊക്കെ മറക്കിലുംതാൻ
തിണ്ടാടിയോർമ്മയിലഹോ നിഴൽപോലെ പൊങ്ങു-
ന്നുണ്ടോ കുതുഹലവുമാ വനയാത്രതാനും.

എന്നല്ലയന്നു സുഖമൂകതയഅർന്ന ചിത്ത-

മിന്നേറ്റമുൽക്കലികയാർന്നിതു പാടുവാനും
സ്പന്ദിച്ചിടാതെ പുതുപൂമധുവുണ്ടു പാരം
മന്ദിച്ചിരുന്ന മുരളുന്നൊരു വണിപോലെ.

കാണുന്ന മുമ്പരുവി ഞാൻ, അതിൽ നിന്നുടന്നെൻ-
പ്രാണങ്ങൾ നിർവ്വതികലർന്നുടനെങ്കിലും താൻ
വാണീ മദീയയതിൽ വൈഭവമറ്റപോലെ
പോണിന്നു പിൻവഴിയിലുള്ള വനാന്തരത്തിൽ.

തുംഗാതടം മുതൽ വടക്കു തുടർന്നുകാണും
ശൃംഗങ്ങൾമേൽ മിഴിയെയിന്നുമിഴച്ചിടുന്നു
തുംഗാനുബന്ധികൾ നഭ:സ്ഥലിതന്നെ വേട്ട
ഭൃംഗാസിതച്ഛവികൾ പശ്ചിമപർവ്വതങ്ങൾ.

ഹാ! ലക്ഷ്യമായ് ലളിതജംഗമഗണ്ഡശൈല-
ജാലത്തൊടൊത്ത ഗജയൂഥസമാകുലങ്ങൾ
സാലങ്ങൾ വിട്ടിത ലതാവലയം പറക്കും-
പോലംബരത്തിൽ മയിൽ വട്ടമിടും വനങ്ങൾ.

വാഴ്കും സുഖം വിജനനഷ്ടവികാസമാകാ-
താക്കീയിനിക്കു വിധി, കണ്ടയി(?) സൗഹൃദത്താൽ
ആക്കാടു കാണ്മതിനണഞ്ഞ 'യന്തുരി'ലെന്നെ-
ക്കാക്കുന്നൊരു പ്രിയമുഖങ്ങളെയിന്നിതാ ഞാൻ.

ആഹാ സുഹൃത്തമസമാഗമസൗഖ്യമെത്ര
മോഹാസ്പദം സ്വയമതും പുനരന്യനാട്ടിൽ
സ്നേഹാകുലത്വമൊടു പിന്നൊരു കാട്ടിൽ-ഏതു
സൗഹാർദ്ദതയൊഴിഞ്ഞഥവാ സുഖംതാൻ.

ലോകാന്തരാഹവിമുഖാത്മഗണങ്ങളേ, മർ
ത്ത്യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ
ഏകാന്തനിർമ്മമതരേ ബത! നിങ്ങൾ നാട്ടി-
ലേകാന്തമാം ഗുഹയിൽനിന്നു പുറപ്പെടായ്‌വിൻ.

നെഞ്ചൊത്തുകൂടിയൂരുനിർവൃതിയാർന്നു നീളെ-
ച്ചഞ്ചൊത്തെഴുന്ന വനശോഭകളാസ്വദിപ്പാൻ
ചാഞ്ചാട്ടമിന്ദ്രിയപശുക്കളെ മേച്ചുപോന്നു
വാഞ്ഛാനുകൂലമിത ഗോപർകണക്കെ ഞങ്ങൾ.

പോകാതെയും ശിശിരമുദ്ഭടപുഷ്പകാല-
മാകാതെയും ദിനമുഖങ്ങളിലാർദ്രമായും
ഏകുന്ന കൊളുതുകമിളന്തളിരാർന്നു കന്യാ-
പാകത്തിൽനിന്നു പരിശുദ്ധവനാന്തഭംഗി.

അഗ്രാഭകണ്ടണയുമാറ റിയാതെയക്ഷ-
പ്രഗ്രാഹി ഞങ്ങളെയിതഞ്ഞ കബളീകരിച്ചു
അഗ്രാഹ്യസീമമതിദുർഗ്ഗമമാളെഴാത്തൊ-
രുഗ്രാടവീതടമുദാരമനോഭിരാമം. (അപൂർണ്ണം)

## കളകണ്ഠഗീതം

ഇമ്പം തരുമീ മധുയൗവനവും
സമ്പത്തുമനിത്യമെടോ സകലം
ശംഭുസ്തുതി ചെയ്യുക ചൂതമര-
ക്കൊമ്പിൽക്കുടിയാർന്ന കരുങ്കുയിലേ.

വാടുന്നിത, വീണഴിയുന്നു, മണം
തേടുമ്മലരിമ്മലർവാടികളിൽ,
വാടാതവയില്ല ശിവങ്കുഴലാ-
മേടാർമലരെന്നിയിളംകുയിലേ.

കണ്ടോ കമനീയതയാർന്നു മദം
പണ്ടേറെയിയന്നൊരു പൂങ്കുഴലി
തെണ്ടുന്നിത നിന്ദിതയായ് ജരയാ-
ലുണ്ടോ നിലയൊന്നിനുമെൻകുയിലേ.

രംഭോരു രതിക്കു സമാനയെടോ
കുംഭസ്തനി കോമളമേനിയിവൾ,
ശംഭോ, ശിവ, ജർജ്ജരയായഴിയും
പൈമ്പാൽമൊഴി പാടിവരുങ്കുയിലേ

അയ്യോ!യിതു കാലമതാം കനൽകൈ
ചെയ്യും ചിതയും ചുടുകാടുമെടോ
നിയ്യാഴരുതിന്നിതിലുണ്ടു ശിവൻ
കയ്യാളുമവൻ കരുമാംകുയിലേ.

കാണ്മാനുമുമാരമണൻ കഴൽ നീ
പൂണ്മാനുമിയറ്റുക മോഹമെടോ
താമ്രാധരിയിൽ കൊതി കുത്സിതമാ-
മാമ്രാടവിയാർന്നെഴുമാൺകുയിലേ.

ആരാധ്യമമേയനഖണ്ഡസുഖാ-
കാരൻ, കരുണാമൃതമേനി ശിവൻ

ആരായുകിലാശ്രയമാമവനിൽ-
ച്ചേരാത്ത നരൻ നരനോ കുയിലോ?

പാരാദ്യ പുരന്ദരജാലമിതിൽ
നേരായതു നിർമ്മലബോധമെടോ
ഓരാതിദമൂഴിയിലുള്ളവനി-
ന്നാരാകിലുമല്പനവൻ കുയിലേ.

ആഹാരവിഹാരമിവറ്റിലെഴും
മോഹാദി മൃഗത്തിനുമൊപ്പമെടോ
ദേഹാദികൾ ഭൗതികമാണതിലെ-
ന്താഹാ! പറകന്തരമെൻ കുയിലേ.

തെല്ലേറെ വിവേകികൾ മാനവരാം
നല്ലോരതിൽ നല്ല വിവേകികളാം
എല്ലായറിവും ശിവനേകനെടോ
മല്ലീലത ചൂടിയ മാംകുയിലേ.

ഏതിൽത്തടയും നിജബോധമതാ-
ണോതീടുകിൽ ജീവിതമായതെടോ
ചേതസ്സു ശിവങ്കലമർത്തുകിലീ
നീതാനവനാ നറുമാങ്കുയിലേ.

ഓരോന്നിലുമിന്ദ്രിയഗോചരമാ-
യോരുന്നവയല്ല യഥാർത്ഥമെടോ
നേരല്ല നഭസ്സിനു നീലിമ നൽ-
ത്താരേറിയ തൈമധുമാങ്കുയിലേ.

കാണുന്നവ തത്ത്വവിവേചനയിൽ
കാണാതണുവായണുവായഴിയും
ഏണാങ്കധരൻ കഴൽ നിൽക്കുമെടോ
വാണീജിതവൈണികമാം കുയിലേ.

ബോധത്തിലഴിഞ്ഞവബോധമതാം
ബോധിപ്പവനാമവനേ ശിവനാം
ഏതും ചലിയാതെയിരിക്കയിലും
വാതാവിലവാർവനമാം കുയിലേ

ഭേദങ്ങൾ പറഞ്ഞു പടർന്നവരും
വാദങ്ങൾ വരുത്തുമനർത്ഥമെടോ
വേദങ്ങൾ തിരഞ്ഞറിയാവടിവിൻ
പാദംപ്രതി ചാടുക നീ കുയിലേ.

ബോധത്തിലഴിഞ്ഞവബോധമതാം
ബോധിപ്പവനാമവനേ ശിവനാം
ഏതും ചലിയാതെയിരിക്കയിലും
വാതാവിലവാർവനമാം കുയിലേ.

ഭേദങ്ങൾ പറഞ്ഞു പടർന്നവരും
വാദങ്ങൾ വരുത്തുമനർത്ഥമെടോ
വേദങ്ങൾ തിരഞ്ഞറിയാവടിവിൻ
പാദംപ്രദി പാടുക നീ കുയിലേ.

ബോധം വിഷയംപ്രതി നില്ക്കുകയാ-
ലേതിന്നുമെഴും പ്രതിപക്ഷമെടോ
വാദങ്ങളൊഴിഞ്ഞതു വാസ്തവമാ-
മാധുതവനാളിയിളംകുയിലേ.

ശേഷിപ്പതു ബോധമയൻ ശിവനാം
ശേഷങ്ങളവന്റെ വിഭൂതികളാം
ശേഷിക്കയുമില്ലവ ചിന്മയനിൽ
ഭാഷാജിതപൂമധുവാം കുയിലേ.

ദോഷാകരനും നിജദീധിതിയും
ദോഷേതരമോർക്കുകിലേകമെടോ
ശേഷിപ്പൊരു ചിത്ദ്യുതിയും ശിവനാം

യോഷാവചനാരവമാം കുയിലേ.

ഇല്ലതവിശേഷമൊഴിഞ്ഞിടുമാ-
റെല്ലാം സ്വയമസ്ഥിതമാകുമെടോ
കല്ലോലമടങ്ങിയ വൻകടൽപോ-
ലെല്ലാം സുഖമാകുമെടോ കുയിലേ.

ഈ തത്ത്വമറിഞ്ഞിഹ പാടുകിൽ നിൻ
ഗീതത്തിനു മാധുരി കൂടുമെടോ
ആതങ്കമകന്നനപായരസം
ചേതസ്സേ ഹരിക്കുമെടോ കുയിലേ!

## ഒരു പാട്ട്

സോദരരേ! നിങ്ങൾ സുഖ-
മേദുരമെന്നും ജയിക്ക!
സാദരമുന്നതി വരാൻ
ഖേദരഹിതം ശ്രമിക്ക!-സോദരരേ!...

സിംഹളർ, തീയർ, സേവകർ,
സിംഹതിയൊന്നപരോക്ഷം
നമ്മയൊട്ടു കേരളത്തിൽ
നമ്മൾ പതിന്നാലുലക്ഷം-സോദരരേ!...

നൂനമൊരു തൃണം ബല-
ഹീനമതിന്റെ സംഹതി
പീനപാശമാകിൽ, മദ-
യാനയെ പൂട്ടുവാൻ മതി-സോദരരേ!...

അംബുധി ഭയങ്കരമി-
തംബുബിന്ദുരാശിയല്ലോ
ഇമ്മലകൾതന്നെ ചെറു-
മൺമണിത്തരികളല്ലോ-സോദരരേ!...

ചേരുവിനൊന്നായി യത്നം
പാരമാർന്നു നേടിൻ പുകൾ
വാരിധികീടങ്ങൾ മണ്ണു
കോരിയുണ്ടാക്കി ദ്വീപുകൾ-സോദരരേ!...

ശണ്ഠയിൽ ശോഭിപ്പിച്ചതേ
പണ്ടു നാം പടനിലങ്ങൾ
കുണ്ഠിതയെന്നിയെ കൃഷി-
കൊണ്ടുമാ വെറുനിലങ്ങൾ-സോദരരേ!...

മന്നിലേവനും വരുന്നി-
തുന്നതി പരിശ്രമത്താൽ

മന്നവനും മടിയാലെ
മാന്യത കെടുംക്രമത്താൽ-സോദരരേ!...

വിദ്യയും ധനവും വരാൻ
ഉദ്യതരായ് പൊരുതുവിൻ
സത്യവും നീതിയും കുല=
കൃത്യമെന്നു കരുതുവിൻ-സോദരരേ!...

ഒത്തുമോരോന്നായും പൊതു-
വൃദ്ധിയോർക്കുവിനകമേ
നിത്യവും രക്ഷിച്ചുമൈക-
മത്യമാം കോട്ട പുറമേ-സോദരരേ!...

തങ്ങൾ തങ്ങളെത്തുണപ്പോർ
തങ്ങളെ ദൈവം തുണയ്ക്കും
നിങ്ങളതു നിനയ്ക്കുവിൻ
മംഗളം, മംഗളം! പ്രിയ-സോദരരേ!....
- നവംബർ 1906

## ഒരു തീയക്കുട്ടിയുടെ വിചാരം

മായാതസൂയകൾ വളർന്നു മനുഷ്യരീശ-
ദായാദരെന്ന കഥയൊക്കെയഹോ! മറന്നു
പോയൂഴിയിൽ പഴയ ശുദ്ധഗതിസ്വഭാവം
മായങ്ങളായ് ജനത മത്സരമായി തമ്മിൽ

ചിന്തിച്ചിറ്റുന്നെളിമകണ്ടു ചവിട്ടിയാഴ്ത്താൻ,
ചന്തത്തിനായ് സഭകളിൽ പറയുന്നു ഞായം;
എന്തോർക്കിലും കപടവൈഭവമാർന്ന ലോകം
പൊങ്ങുന്നു, സാധുനിര താണു വശംകെടുന്നു.

വിദ്വാനു പണ്ടിഹ ദരിദ്രതയിന്നു പാരിൽ
വിദ്യാവിഹീനനനുവന്നു വിരോധമില്ല,
വിദ്യയ്ക്കു പണ്ടു വിലവാങ്ങുകയില്ലയിപ്പോ-
ളുദ്യുക്തനും ധനമൊഴിഞ്ഞതു കിട്ടുകില്ല.

എന്നല്ലയാംഗലകലാലയക്ലിപ്തവിദ്യ-
യൊന്നെന്നിയുന്നതിവരാനിഹ മാർഗ്ഗമില്ല;
എന്നാൽ പഠിക്കുവതിനോ ധനമേറെവേണ-
മിന്നോർക്കിൽ നിസ്വരിഹ നമ്മുടെ കൂട്ടരെല്ലാം.

ചൊല്ലാനുറച്ച തറവാട്ടുകളേറെയില്ല-,
യില്ലിന്നുയർന്ന പണിയുള്ളവരേറെ നമ്മിൽ
മെല്ലെന്നു താഴ്മയുയരത്തയിനിയൊന്നു രണ്ടാൾ
വല്ലോരു*മാക്കിൽ-വലുതാം സമുദായമല്ലോ?

കഷ്ടം! കുഴങ്ങിയിഹ നമ്മുടെ ഭാവി, കണ്ടു
തുഷ്ടിപ്പെടാം ചിലരിതോർക്കുകിൽ, നാമതോരാ-
ദിഷ്ടം നമുക്കു കുറവായ്, സമുദായകാര്യ-
മിഷ്ടപ്പെടുന്നവരുമില്ലിഹ ഭൂരി നമ്മിൽ.

വിദ്യാവിഹീനതവരട്ടെയിവർക്കു മേലി-
ലുദ്യോഗവും ബലവുമിങ്ങനെ പോട്ടെയെന്നാം,

വിദ്യാലയം ചിലതഹൈാ! തടയുന്നു നാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്ഠപന്മാർ,

എന്തിന്നു ഭാരതധരേ! കരയുന്നു? പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായെ,
ചിന്തിക്ക ജാതിമദിരാന്ധ,രടിച്ചു തമ്മി-
ലെന്തപ്പെട്ടും തനയ,രെന്തിനയേ! സ്വരാജ്യം?

ഈ നമ്മൾ നമ്മളുടെ നന്മ നിനയ്ക്കു നല്ല
ശ്രീന്നുനമാർക്കുമുളവാമിഹ യത്നമാർന്നാൽ,
ഹാ! നമ്മിലീശകൃപയാലുയരുന്നു ഭാഗ്യം!
’ശ്രീ-നാ-ധ-പാ’ഖ്യകലരുന്ന മഹാർഹ’യോഗം’.

സ്വാന്തത്തിൽ നാം സഹജരെ, സ്വയമൈകമത്യ-
മേന്തി ശ്രമിക്കിലതു സർവദമാമുറപ്പിൻ
കാന്താംഗസങ്കലിതമേനി കൃപാലുദേവൻ
താന്താൻ തുണപ്പുവരെയാണു തുണപ്പതോർപ്പിൻ.

## അച്ഛൻ

പള്ളിക്കൂടം വിട്ടു സായം പടിക്കൽ
തുള്ളിച്ചാടിച്ചെന്നു ഞാനെത്തിടുമ്പോൾ
തള്ളിക്കാര്യം സർവമെന്നച്ഛനെന്നിൽ
ക്കൊള്ളിക്കുന്നു നോട്ടമെന്നും കൃപാദ്രൻ

ജോട്ടും മുണ്ടും പുസ്തകം പന്തുമെല്ലാം
മേടിച്ചേകുന്നെന്റെ പാഠം കഴിഞ്ഞാൽ
കൂടിക്കേളിക്കില്ലിനിക്കാരുമെങ്കിൽ
കൂടുന്നച്ഛൻ-ബാലനല്ലെങ്കിലും താൻ

രണ്ടാളും ഹാ! ഞങ്ങൾ കണ്ണാടി തന്നിൽ
ക്കാണ്ടാൽ തോന്നും കൗതുകം സ്വല്പമല്ല
ഉണ്ടാച്ഛായക്കച്ഛനേറും വലിപ്പം
കൊണ്ടോ ഭേദം തെല്ലുതാൻ ശ്മശ്രുകൊണ്ടോ?

ഖേദിച്ചുള്ളിൽച്ചിന്തപൂണ്ടാലുമച്ഛൻ
മോദിച്ചീടുന്നെന്മുഖം കൺകിലപ്പോൾ
വാദിച്ചോതാമമ്മയോടും- സ്വയം ഞാൻ
ചോദിച്ചാലേകാത്തതില്ലത്യുദാരൻ

ഗേഹത്തെക്കാൾ സ്വത്തിനേക്കാളുമച്ഛൻ
സ്നേഹിച്ചീടുന്നമ്മയെക്കാളുമെന്നെ
ആഹാ! വാച്ചേറുന്നു കൂറിന്നെനിക്കും
ദേഹം രണ്ടീ ഞങ്ങളോന്നാണു നൂനം

എന്നീവണ്ണം തോഴരോടായ്ക്കിനാവിൽ
ച്ചൊന്നോരുണ്ണിക്കുള്ളുറങ്ങും ശിരസ്സിൽ
ചിന്നും ഹർഷത്തോടണഞ്ഞച്ഛനാമാ-
ദ്ധന്യൻ ചുംബിച്ചാനറിഞ്ഞീല ബാലൻ !

## ഒരു സന്ധ്യ

ഉളവായിടുന്നു സുഖമേറ്റമുള്ളിലെൻ
കുളിർപശ്ചിമാംബുനിധിവായുപോതമേ,
പൊളിയാക്കിയുഷ്ണകഥ നീ തലോടവേ
പുളകം വരുന്നു പെരുകുന്നു കണ്ണുനീർ.

ഇടവത്തിലും വലിയ ചൂടുമൂലമാ-
യിടരാർന്നു നിന്നെ നിരൂപിച്ചണഞ്ഞു ഞാൻ
വിടപ്രിവജത്തിൽ വിടരുന്ന പൂമണം
തടവീടുമീയുപവനത്തിലന്തിയിൽ.

ഇടവിട്ടിടാതെ ജനമെത്തിയാർത്തി തീർ
ത്തുടൽ ചീർക്കുമാറിഹ സദാ രമിക്കയാൽ
സ്ഫുടധന്യഭാവമിയലുന്നു വഞ്ചി ഭൂ-
മുടിരത്നമീ നഗരപുഷ്പവാടിക.

ഗണമായ് നടപ്പു ചില,രിങ്ങിരിക്കമേ-
ലിണയായിരിപ്പു ചില,രൊറ്റയായുമേ
അണയത്തു വാഴ്വു ചെറുപൈതൽ പൂവുപോൽ
ക്ഷണമന്തി നോക്കിയൊരു കോണിൽ ഞാനുമേ.

അതിരമ്യ വൃക്ഷനിരകൾക്കുമാ ലതാ-
രതികൾക്കുമങ്ങു സരസീതടത്തിനും
മതിലിന്നുമപ്പുറമഹോ! നഭസ്സിലി-
സ്ഥിതിഭേദമെങ്ങനെ വരുന്നു മോഹനം?

പകരുന്നു ഹന്ത! ചിലടത്തു പിച്ചള-
പ്പൂതുപാളിപോൽ ഗഗനഭിത്തിതൻ നിറം
അകലത്തു വന്മരമെരിഞ്ഞുനിന്നിട്ടു-
ന്നതുപോലെയും പുക പടർന്നപോലെയും.

ചിലടത്തു വിൺവഴി ചുവന്ന പട്ടിനാൽ
നലമായടച്ച മറ തൂങ്ങിടുന്നപോൽ

പലവർണ്ണമാം കൊടികൾ പൊങ്ങിടുന്നപോൽ
ചിലടം വെറും ചമതപൂത്ത കാട്ടുപോൽ.

അലയാതെ വായുവിൽ വടക്കുകോണിലാ-
യിലതിങ്ങിയും ചെറിയ കൊമ്പൊതുങ്ങിയും
നിലവിട്ടു വീണ തരുപോൽ വിലങ്ങനേ
വിലസുന്നു ചാരനിറമാമൊരു മുകിൽ.

അതിനിപ്പുറം ശിശിരവായുവംബുജ-
ക്ഷതിചേർത്തു ചണ്ടി പടരും സരസ്സുപോൽ
അതിലോലമായൊളി കുറഞ്ഞ മേഘമാർ
ന്നതിരുന്നു ഭംഗി തെളിയാതെയംബരം.

(അപൂർണ്ണം)

## എന്റെ പ്രമാണം

നിത്യം ജ്വലിപ്പൊരു പരാർക്കനെ നേർത്തുനോക്കി-
ക്കത്തിപ്പൊടിഞ്ഞ മിഴിയിൽ പ്രഭതന്നെ കാണാ,
അത്യന്തകോമളതേയാർന്ന 'മത'പ്രസൂനം
കുത്തിച്ചതയ്ക്കിൽ മണമോ മധുവോ ലഭിക്കാ.

ഊഹത്തിനുണ്ടവധി ജീവിതകാലമല്പം,
ദേഹിക്കു ശാന്തി സുഖമേകുക കേണിടാതെ
മോഹം കുറയ്ക്ക സുഖദങ്ങളിലേവരേയും
സ്നേഹിക്കയാമ്പൽനിരയെക്കുളിർതിങ്കൾപോലെ.

(അപൂർണ്ണം)

## ലോകം

മതിതെളിയുമുഷസ്സോ മുഗ്ദ്ധമാമന്തിതാനോ
മതമധുരിമപൂവോ മഞ്ജുവാം പൂനിലാവോ
വിതതമിവയെയൊന്നും വിശ്വമേ, കണ്ടു നിന്നെ-
പ്പുതുമയൊടു പുകഴ്ത്താനല്ല പോകുന്നഹോ ഞാൻ

വികസിതമലർവാടീവായുപോതങ്ങൾ പൊങ്ങി-
സ്സകലിതസുമഗന്ധാരമ്യമാമംബരത്തിൽ
സുഖമൊടിഹ പരന്നീടട്ടെ നിൻ കീർത്തി പാടി-
ക്ഖഗനിര-യറിവേലാതുള്ളവർക്കാകുമേതും.

മദവിവശനജസ്രം മദ്യഭേദത്തെ വാഴ്ത്തും,
മദനഹതവിവേകർ മൂർഖയാം വേശ്യയേയും,
കിതവനിഹ പുകഴ്ത്തും കേവലം ചൂതിനേയും,
ഹൃദയരഹിതനാം നായാടി നായാട്ടിനേയും

അതിസുഭഗമരണ്യം ദുഷ്ടസത്ത്വങ്ങൾ വാഴ-
ന്നതി,ലഴകെഴുമംഭോദത്തിലാഴുന്നിടിത്തീ
ഹ്രദമമലമനോജ്ഞം നക്രമുണ്ടുള്ളിലേവം
വിദിതഭുവനമേ നിൻവൃത്തി-ഹാ! പേടിയാകും!

പുതിയതളിരുദിക്കുന്നിന്നു നാളൊന്നുപോയാ-
ലതു ഹരിതപലാശം പാണ്ഡുപത്രം ക്രമത്താൽ
ഇതി ചപലമവസ്ഥാജാലമെന്നല്ല കാക്കു-
ന്നതിനെ ബഹുവിപത്തും ക്രൂദ്ധമാം മൃത്യുതാനും.

മുരളുവതിൽ മയങ്ങീടുള്ളുതന്നുള്ള പൂ നിൻ
പരസുമരതി കണ്ടാൽ വാടി വീഴുന്ന വണ്ടേ,
വിരവിലുഴറി നീയും നാളെ ഞാവൽപ്പഴംപോൽ
വിരസമിഹ ലയിക്കും വീണ ഹാ! മിഥ്യയെല്ലാം.

മധുമൃദുപവനന്മാർ വന്നു മന്നിൽ സുഖം ചേർ-
ത്ത്യുതുവിരതിയിൽ നില്ക്കാതെത്രയോ യാത്രയായി

അധികമുപതപിപ്പിക്കും കൊടുങ്കാറ്റുമാർന്നു
ഹതിയൊടുമിഹ കാസക്ലേശിപോലേങ്ങിയേങ്ങി

മൃദുലതൃണദലത്തേ ഹന്ത മാൻ തിന്നിടുന്നി-
ങ്ങദയമതിനെ ദുഷ്ടൻ കൊന്നിടുന്നു മൃഗേന്ദ്രൻ
അഥ ഹരിയെ നരേശൻ വേട്ടയാടുന്നവന്നും
മൃതിയടരിൽ വരുന്നൂ-മൃത്യുവിൻ നൃത്തമെങ്ങും.

ജയമതിനു പകയ്ക്കുന്നിങ്ങു ജന്യത്തെ ജന്യം
സ്വയമനിലജലാദ്യം കാരണം കാരണത്തെ
ക്ഷയപദവിയുമോതുന്നാഗമത്തിങ്കലിത്ഥം
നിയതമഴിയുമെന്നെപ്പോലെ മാലാർന്നു നീയും.

രവിശശികൾ, വിളങ്ങും രമ്യതാരങ്ങളിക്ക-
ണ്ടവയുമിഹ വെടിക്കെട്ടെന്നപോൽ നിന്നുപോകാം
അവികലമിരുൾമൂടാം നാളെയഭ്യോയുറങ്ങു-
ന്നിവിടെയായി കിനാവുംകണ്ടു കൊണ്ടാടി മർത്ത്യൻ.

പ്രഥിതമിഹ ചൂഴന്നീടുന്നഹോ വിണ്ണിൽനിന്നി-
പ്പൃഥിവിയുമിഹ രശൈഭ്രാന്തമാം രേണുപോലെ
സ്ഥിതി മനുജനിതിങ്കൽ ഹന്ത! നീർത്തുള്ളിയോർത്താ-
ലതിലെഴുമണുജീവിക്കത്രേ വാരാശിയത്രെ.

അഹഹ! ദുരഭിമാനഗ്രസ്തബുദ്ധേ, നരാ, നിൻ
സഹജലഘുതയോർക്കുന്നില്ല നീ തെല്ലുപോലും
ഗഹനഭുവനതത്ത്വം പാർക്കിലെങ്ങെങ്ങഹോ നി-
ന്നഹമഹമിക നിസ്സാരാഭ്യസൂയാഗ്രഹത്തിൽ!
(അപൂർണ്ണം)

## മറുപടി

ഉൾനാട്ടിലെ ഓണം
എന്തുല്ലാസഭരം നിനയ്ക്കിലുളവാ-
കുന്നെന്തൊരാനന്ദമി-
ന്നെന്തോ കേരളമാകെയാകൃതി പകർന്നു
ദ്യോവിലും ഭൂവിലും
അന്തശ്ശോഭകലർന്ന രണ്ടു മഴതൻ
മദ്ധ്യസ്ഥമാം കാലവും
ചന്തം ചിന്തിയെഴുന്നു രണ്ടിലകളു-
ള്ളമ്പും നറുമ്പൂവുപോൽ.

കുറ്റം വിട്ടിഹ കാലശക്തി പുതുതായ്
കൊല്ലാബ്ദമാമുണ്ണിയെ-
പ്പെറ്റെന്നോർത്തു പിതാമഹീപ്രകൃതിയി-
ന്നേറ്റം പ്രസാദിക്കയോ,
തെറ്റെന്നാ ശിശുതന്നെ സസ്മിതവിലാ-
സത്താൽ സമസ്താശയം
മുറ്റും പോന്നു ഹരിക്കയോ! രസദമല്ലോ
ബാല്യമെല്ലാർക്കുമേ.

തിങ്ങും കാറുകൾ നീങ്ങി കാട്ടിലവുതൻ
കാർപ്പാസമെല്ലാം പറ-
ന്നെങ്ങോ പോകുവതോ സിതാഭ്രമമെവിടന്നോ
വന്നുചേരുന്നതോ!
എങ്ങാണ്ടേറ്റി വിരിച്ച വസ്ത്രനിരയാ
വണ്ണാനെ വഞ്ചിച്ചഹോ-
യിങ്ങിക്കാറ്റു ഹരിച്ചുപോയ് ഗഗനമാർ
ഗ്ഗത്തിൽ പരത്തുന്നതോ?

ആവാമായതു തന്നെയിന്നഖിലദേ-
വന്മാർക്കുമുത്സാഹമാ-
മീവണ്ണം ‘നടമാറ്റ’വർക്കു പവനൻ
ലാക്കായ് വിരിക്കുന്നതാം

ഭ്രുവിൽ കൗതുകമീവിധം ഭ്രുവനരമ്യം
കണ്ടുകൊണ്ടാട്ടുവാ-
നേവം പോന്നഥവാ രചിച്ചിട്ടുകയാം
കുടാരമോരോന്നവർ.

സ്ഥൂലച്ഛായ മരം വെടിഞ്ഞിഹ ഗമി-
ക്കുമ്പോലെ പോതും പൂമുകിൽ-
ജ്ജാലത്തിൻ നിഴലാൽ ജനങ്ങൾ വെയിലിൽ-
പ്പോകുന്ന ശോകംവിനാ
ലീലയ്ക്കായ് വെളിയിൽക്കടന്നിതു പിടി-
പ്പാനങ്ങുമിങ്ങ്നും ദ്രുതം
ബാലന്മാർ ധൃതമത്സരം രസമിയ-
ന്നോടുന്ന വാടങ്ങളിൽ.

ദൂരത്താണിനിയും പ്രഭാതമെഴുനേ-
റ്റെന്നാലുമിന്നേറ്റവും
നേരത്തേ വിളികൂട്ടിടുന്ന ഖവവൃന്ദം
ഹന്ത! സന്തുഷ്ടിയാൽ
നേരായ് കാക്ക കരഞ്ഞു 'താത! ജനനീ
കേൾക്കുയെഴീക്കെ'ന്നെഴു-
ന്നോരോ കേളികളോർത്തുറക്കമിയലാതേ
വത്സരുത്സാഹികൾ.

സ്വാപം വിട്ടെഴുമംഗനാജനമകത്തുദ്-
ഗേയപുണ്യാർത്ഥമാം
ഭ്രുപാളം തുടരുന്നഹോ! മനമലി-
ഞ്ഞാർക്കും ലയിക്കുന്നതിൽ
ദീപത്തിന്നരികത്തു വൃദ്ധകളെയാ-
ശങ്കിച്ചു പൈതങ്ങൾ പോയ്
ശ്രീപൊങ്ങും ശുഭരാമനാമജപമാ-
യെങ്ങും മുഴങ്ങുന്നതും.

മന്ദം മർമ്മരഭാഷി പൂർവ്വപവനൻ

മന്ത്രിച്ചണഞ്ഞൂ, ഗളം
നന്ദിച്ചാട്ടി വിടർന്ന പൂക്കൾ, ചിരകുൽ-
ക്ഷേപിച്ചു തേനീച്ചകൾ
വന്നെല്ലാം വഴിയോളമാശ്ശു പരിമാർ
ജ്ജിച്ചു തളിച്ചു ഗൃഹം
നന്നാക്കി യുവദാസിമാർ നടനമാ-
യീ ലക്ഷ്മിയിക്ഷോണിയിൽ.
(അപൂർണ്ണം)

## പ്രാണിദയ

കഠിനഹൃദയ നീ കടന്നിവണ്ണം
തുടരുവതെങ്ങനെ തൻ ഹിതത്തിനായി
വടിവെഴുമൊരു ജന്തുവെത്തുടിപ്പി-
ച്ചിട്ടുവതിതെന്തിനതെന്തുചെയ്തു നിന്നെ?

കരുണയുടയൊരീശസൃഷ്ടിയാണീ-
യുരുവുകളൊക്കെയതോർത്തതില്ലയോ നീ
അറിയുമവനിതൊക്കെയോർക്ക മേൽനി-
ന്നറിയുക കേൾക്കുമിവറ്റ കേണിടുമ്പോൾ.

കരവതവനറിഞ്ഞു നോക്കുമേ നിൻ
കരമിതു ചോരയണിഞ്ഞ കത്തിയോടും
കരുതുകയതു സാധു ചേതനത്തിൽ-
പ്പരമലിവേകുക പോക കൊന്നിടായ്ക.

ഇതിനെയുമിഹ നിന്നെയും ചമച്ചാ-
വിധിയൊരുപോലവനോർക്ക വിശ്വകർത്താ
മതിയിലിയലുകൻപു നിൻ വിധാതാ-
വധികദയാപരനെന്നതോർത്തു നീയും.

- 1906

## പൂവാം പൊഞ്ചഷകത്തിങ്കൽ

പൂവാം പൊഞ്ചഷകത്തിങ്കൽ
പൂരിച്ച മധു കാൺകയാൽ
പരമാനന്ദമായ് ഹന്ത
പാടുന്നു ചില വണ്ടുകൾ

പകയുൾക്കാമ്പിൽ മുത്തിട്ടോ
പരപ്രേരണമൂലമോ
പത്രമാകും പോർക്കളത്തിൽ
പാഞ്ഞെത്തുന്നു കവേ ഭവാൻ?

## ഗുണഗണങ്ങൾ

കെട്ടിവയ്ക്കുവിനറുത്തു നൽ ഗുണഗണങ്ങ-
ളാം കൃഷിഫലങ്ങളെ,-
ക്കട്ടിടില്ലതുകൾ തസ്കരൻ, നൃപതി കണ്ടു-
കെട്ടുകയുമില്ലതാൻ;
ഒട്ടിനിന്ന മുതലും സുഖങ്ങളുമുയർന്ന
മേന്മയുമകന്നുപോം,
വിട്ടിടില്ലതുകൾ പോകിലും വിമലകാന്തി-
യാർന്ന ഗുണമാരെയും.

## മറുപടി

എന്റെ സ്നേഹിതന്റെ ദേഹവിയോഗം
ശിവ! ശിവ! മറവിങ്കൽനിന്നുടൻ
ചെവികളിൽ വന്ന ശരങ്ങളേല്ക്കയോ
അവനിയടിതകർന്നുപോകവേ-
യവഗതമായ് രവങ്ങൾ കേൾക്കയോ!

അഖിലവിലയകാലമായിതെ-
ന്നകമലിവോ ചതിവോ കലർന്നുടൻ
പ്രകൃതദയമദൃശ്യനേകനെ-
ന്നകെലയണഞ്ഞു വിളിച്ചു ചൊല്കയോ!

പരുഷരവമഹോ നികർന്നിടും
ഗരളസമം ഭമേകിടുന്നുതേ!
പരിസരമതിലന്തകൻ വിട്ടും
പരിജനമാർത്തുവിളിച്ചിടുന്നിതോ.

ഒരുവകയുമിടഞ്ഞു ദൃഷ്ടിയിൽ
തിരിയുവതില്ല തുറന്നിരിക്കിലും
ഇരുളിലുലകവും മറഞ്ഞിടു-
ന്നുരുതരമർക്കനുയർന്നുനിൽക്കിലും.

അരുളുക മനമേ!യിതെന്തു നീ-
യെരികനലായകമാകെ വേകുവാൻ
പറക ജഗതി! നീയുമെന്തയേ
പരിചിലചേതനഭാണ്ഡമാകുവാൻ.

ഉരുതരഭയമാർത്തി ശോകവും
ത്വരിതമെഴുന്ന മറന്നു ധൈര്യവും
ഒരുനൊടിയതിനുള്ളിലെന്തുവാൻ
പരവശനാവതു പൈതൽപോലെ ഞാൻ

നിയതമൊരു മഹാവിപത്തു ദുർ-

ന്നിയതി വലിച്ചു തലയ്ക്കിടുന്നു മേ
സ്വയമതു തടയാവതല്ലെഴും
ഭയമരുളുന്നതവാര്യമെന്നുമേ.

ഒരുവനരികിൽ വന്നുനിന്നു തെ-
ല്ലൊരുമൊഴിയോതി നടന്നിടുന്നിതാ
പെരുവഴിനടുവിൽക്കടിച്ചുടൻ
പരിചൊടു പോം ഫണിയെന്നപോലവേ.

കളയുകയഥവാ കഥിച്ചതാം
കളവു വ്യഥാ കരളേ തപിക്കൊലാ
പൊളികൾ പറയുമാത്തസാഹസം
ജളജനമാർത്തിപരീക്ഷചെയ്യുവാൻ.

അരിയമധുര'മച്യുതാ'ർത്തിഹൃ-
ദ്വരനുടെ നാമമുരച്ചു നിർദ്ദയൻ,
ഒരുപദമതിനോടു ചേർത്തുതേ
നറുമധുതന്നൊടു നഞ്ചുപോലവൻ

അരുതതിനെ നിനയ്ക്കുവാൻ തരം
തരികയുമില്ല സുഹൃത്വമെങ്കിലും
നരരുടെ ചലമായ ജീവിതം
കരുതികിലെങ്ങനെ ധീരനാവു ഞാൻ!

കരിവരകൾ വരച്ചു കഷ്ട!മെ-
ന്നരികിലിതായെറിയുന്നു ലേഖനം
വിരവിലതു വിടർത്തുമാറു കൈ-
വിരലു തളർന്നു വശംകെടുന്നു ഞാൻ

ശിവ! ശിവ! ശിവ! ചാരു ചര്യനെ-
ന്നരിയസുഹൃത്തമ'നച്യുതാ'ഭിധൻ
ഉരുരുജയെയുമൂഴിതന്നെയും
പരമഥവാ മതി-ശാന്തി! ദൈവമേ!

കരയുവതിനുമില്ല കെല്പു മേ
കരളെഴുമാധിയിലന്ധമാകയാൽ
ചൊരിയുവതിനുമില്ല കണ്ണുനീർ
സിരകൾ തപിച്ചു വരണ്ടുപോകയാൽ.

മനമുഴറിയെരിഞ്ഞുതാണു; മെയ്
തനിയെ കുഴഞ്ഞു തടഞ്ഞു വീർപ്പതും;
അനുപദമണകല്ലി മിത്രമോ-
ടനുമതി? ജീവ! യഥാർത്ഥബന്ധു നീ!

വെറുതെയതുമില്ലയിന്നിതാ
ചെറുതുവികാരവുമെന്നിയേ മനം
ഉറുതിതടവിയെങ്ങു സൗഹൃദം
പൊറുതിയിതെങ്ങു കഠോരനാണു ഞാൻ

ഇടരൊടിരുളിൽനിന്നു ചിന്തയാർ-
ന്നുടനിത ചേതന പൊങ്ങിടുന്നു മേ
കടലിനടിയിൽ മുങ്ങി മോഹമാ-
ർന്നിടയിലുയർന്നെഴുമാർത്തനെന്നപോൽ.

മൊഴികൾ പരവശങ്ങളായ് തട-
ഞ്ഞുഴലുകയായിവനുമപോലെയും
അഴലു ധൃതിതടംകവിഞ്ഞിട്ടു-
ന്നഴിമുറിയാതെഴുമാറുപോലെയും.

നിറയുമിടരിൽനിന്നു നീങ്ങുവാ-
നറിവിൽ നിവാരണമൊന്നുമെന്നിയേ
മുറയുമൊരഭിമാനവും വിനാ
മുറയിടുവാൻ മുതിരുന്നുതേ മനം!
(അപൂർണ്ണം)
-ആഗസ്റ്റ് 1904

## പറന്നു പോയ ഹംസം

പൊട്ടുന്നനേ ഭ്രമി വെടിഞ്ഞിവണ്ണം നീ
പറന്നുപോയല്ലോ പ്രിയമരാളമേ,

പെരുവഴിതന്നിലഹോ കരസ്ഥമാം
വിലയേറും ധനം കളഞ്ഞുപോകയാൽ

കുഴങ്ങിനില്ക്കുന്ന പഥികനെപ്പോലെ
മദീയമാനസമുഴന്നിടുന്നല്ലോ.

അതിസ്വാധീനമാം പ്രിയവസ്തുക്കൾ വി-
ട്ടകന്നു വിശ്വാസമിയന്നു ദൂരത്തിൽ

അതിചിരം കാര്യവശരായ് വാണിടാ-
മഴലില്ലായതിൽ അതുകൾതാൻ സ്വന്തം

പിടി വെടിഞ്ഞുപോവതു വിചാരിച്ചാൽ
പൊറുക്കാറില്ലൊരുനിമിഷം ദേഹികൾ

അനർഘരത്നങ്ങൾ സ്വയമണിയാതെ
നിജമഞ്ജുഷയിലിരുന്നാലും മതി

അരിയ പൂക്കൾതാൻ പറിക്കാതെ തന്റെ
മലർക്കാവിൻകോണിൽ സ്ഫുരിച്ചാലും മതി

സുഖമന്യാദൃശമതിലുണ്ടോർക്കുകി-
ലഹോ മമതതൻ വിലാസമദ്ഭുതം!

ഇവറ്റതാനപഹൃതമായോർക്കിലു-
ണ്ടനുഭവവേദ്യമതിലുണ്ടാം ദുഃഖം.

അരിയോരന്നമേ,യതിചിരമെന്റെ
ഹൃദയപങ്കജസഖനായ് വാണ നീ

പറന്നുപോകുന്നൊരളവപ്പൂവിന്റെ-
യടിനാളംകൂടി ഹരിച്ചുവെന്നതോ

അകമലർ കരിഞ്ഞെനിക്കു സമ്പ്രതി-
യഹഹ! ലോകങ്ങളിരുളാകുന്നല്ലോ.

അതിനിടയ്ക്കുയ്യോ തമസ്സിൽ കൊണ്ടലിൻ
ചടുലമാം,മിന്നൽക്കൊടി പായുംപോലെ

കഴിഞ്ഞകാലമാമിരുട്ടിലോർമ്മതൻ
സ്ഫുരിച്ച ദൃഷ്ടിയും ചുഴിഞ്ഞെത്തുന്നല്ലോ.

വിചാരവായുവാൽ പടർന്നുകേറിയീ
വിയോഗമിന്ദ്രിയഗണങ്ങളെയെല്ലാം

ചൂടുന്നല്ലോ ധൈര്യശിലാതലം കാഞ്ഞു
ഞെരിഞ്ഞും പേശികൾ പുകഞ്ഞും കഷ്ട!മി-

ന്നടവേ തീ വീണ ഗിരിപോൽ സത്വര-
മകമേയെന്നാത്മാവെരിഞ്ഞിടുന്നല്ലോ

(അപൂർണ്ണം)
-ഫെബ്രുവരി 1919

## അനുശോചനം

മാന്യമിത്രമേ, മാനസസാരളീ
സാന്നിദ്ധ്യംചെയ്ത സാക്ഷാൽ നികേതമേ,

ഉന്നിദ്രയുവഹൃത്തിൻ പ്രവാഹത്തിൽ
ധന്യവാർദ്ധക്യം സന്ധിച്ച 'തീർത്ഥ'മേ,

മന്നിൽനിന്നു മറഞ്ഞിതോ വർഗ്ഗത്തെ-
യുന്നയിപ്പാനെരിഞ്ഞ വിളക്കേ നീ.

അറ്റത്തയ്യോ പരിമളശേഷമാ-
യൊറ്റയാമാ വിടർന്ന പൂവെന്നിയേ

അറ്റഞെട്ടാർന്നു നില്ക്കുന്നു കഷ്ടമീ-
യുറ്റ തീയസമുദായവല്ലരി.

വേറെ മൊട്ടീ ലതയിൽ വിടർന്നിടാ-
മേറെയേറിയ ഭംഗിയിലെങ്കിലും

കൂറെഴുന്ന കുസുമപ്രകാശമേ
വേറുപൂവൊന്നീ ഞെട്ടിൽ വിളങ്ങുമോ?

ചത്തവർക്കു കണക്കില്ലെയെന്നാലും
എത്ര പാർത്തു പഴകിയതാകിലും

ചിത്തത്തിൽക്കുറിയന്നവർ പോകുമ്പോൾ
പുത്തനായ്ത്തന്നെ തോന്നുന്നഹോ മൃതി.

എന്തിനല്ലെങ്കിലോർക്കുന്നു ഞാനിതി-
ങ്ങന്തകഭയം കൃത്യജ്ഞരാർന്നിടാ.

അന്ത്യശയ്യയിലുമമ്മഹാൻതന്നെ-
ച്ചിന്തിച്ചീലതു വർഗ്ഗകാര്യോത്സുകൻ

സത്യമോർക്കിൽ മരണംമുതല്ക്കതാ-
നത്തമർക്കു തുടങ്ങുന്നു ജീവിതം.

അത്തലില്ലവർക്കന്നതൊട്ടൂഴിയിൽ
എത്തുകില്ല കളങ്കം യശസ്സിലും.
- ജൂലൈ 1921

**ഒരു ചരമം**

സഹനീയമല്ല കരിതേച്ച കത്തതിൽ
സഹസാ കുറിച്ച കഥ സത്യമോ സഖേ?
മഹനീയ, നിങ്ങളുടെയമ്മ മാന്യയാ-
ഗൃഹലക്ഷ്മി നമ്മളെ വെടിഞ്ഞുതന്നെയോ!

സ്നേഹത്തിനില്ല മൃതിയിന്നതുമല്ലതിന്റെ
മാഹാത്മ്യ മദ്ഭുതവുമാണ സഖേയതല്ലീ?
ദേഹം വെടിഞ്ഞ കഥ താനറിയാതെ ഹൃത്താം
ഗേഹത്തിലിന്നുമവർ പുഞ്ചിരിതൂകി നില്പൂ!

## ചരമശ്ലോകങ്ങൾ

“പോയീ, ഭാഗ്യമതസ്തമിച്ചു സമുദാ-
യത്തിൻ യശസ്തംഭമേ!
നീയേ! വീണിനിയെന്തുതാൻ നിയതി ചെ-
യ്യുന്നോ വരുന്നോരു നാൾ!“

## ചെറിയവ

1

ചെറുതുള്ളികൾ ചേർന്നുതന്നെയീ
കരകാണാതെഴുമാഴിയായതും
തരിമണ്ണുകൾതന്നെ ചേർന്നു നാം
മരുവും നൽപെഴുമൂഴിയായതും

2

ചെറുതാം നിമിഷങ്ങളും തഥാ
പറവാൻ തക്കവയല്ലയെങ്കിലും
ഒരുമിച്ചവതന്നെ ഊക്കെഴും-
പുരുഷായുസ്സുകളൊക്കെയായതും.

3

ചെറുതെറ്റുകൾതന്നെയീവിധം
പെരുകിപ്പുണ്യമകറ്റിയേറ്റവും
തിരിവെന്നി നടത്തി ജീവനെ-
ദ്ദുരിതത്തിങ്കൽ നയിച്ചിടുന്നതും

4

ചെറുതെങ്കിലുമമ്പെഴുന്ന വാ-
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരിതന്നെ ഭൂമിയെ-
പ്പരമാനന്ദനിവാസമാക്കിടും

5

ചെറുതന്യനു നന്മചെയ്കകൊ-
ണ്ടൊരുചേതം വരികില്ലയെങ്കിലും

പരനില്ലുപകാരമെങ്കിലീ
നരജന്മത്തിനു മാറ്റുമറ്റുപോം.

6

ചെറുതമ്പുകലർന്നു ചെയ്‌വതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭുവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം.

## ജീവിതവും മരണവും

ഇന്നേവം മൃതനായി തന്റെ മതവി-
ശ്വാസത്തിനായിട്ടിവൻ
നന്നോർത്താലതു ഹന്ത നാമൊരുവരും
ചെയ്യാത്ത കൈയല്ലയോ
എന്നാലോതുകയിപ്പമാനിതിനുവേ-
ണ്ടിത്തന്നെ ജീവിച്ചിരു-
ന്നെന്നാ വാക്യമൊടാശ്രു ചേർത്തു ബലമാ-
യാർക്കും കഥിക്കാവതോ.

അന്ത്യത്തിങ്കലിവൻ മരിച്ചു തെളിയിച്ചു
താൻ സ്വയം കൃത്യനിർ
ബ്ബന്ധത്താൽ മതഭക്തി ശൂരഭടനതാ-
ണെന്നുള്ളതിന്നഞ്ജസാ
എന്തോ നാമറിയുന്നതില്ല-യിതുപോൽ
തൻ ബാല്യകാലത്തിലേ
സ്വന്തം ജീവിതമീവിധം ചിരമിവൻ
ജീവിച്ചു ശീലിച്ചിതോ.

ചത്തീടുന്നതെളുപ്പമാളുകൾ മരി-
ച്ചിട്ടില്ലയോ വല്ലതും
ചിത്തേ മോഹനിമിത്തമോ ചില വെറും
മിഥ്യാഗ്രഹംമൂലമോ
ഉത്തുംഗത്വാമുയർന്നകോപമഥവാ
ശൗര്യം വഹിച്ചെത്രയോ
മർത്ത്യന്മാർ മൃതരായി വന്നതുവരാൻ
പാടില്ലയോ തെല്ലുമേ.

ജീവിക്കുന്നതുതന്നെ കഷ്ടമിഹ തൽ-
കൃത്യങ്ങൾ ചെയ്തും സ്വയം
ഭാവിച്ചീടിന സത്യമായ വഴിയിൽ-
ത്തെറ്റൊന്നു പറ്റാതെയും
ഭൂവിൽ കേവലമിഷ്ടരും നിജ നട-

പ്പിൽ സംശയിക്കാതെയും
താവും നിന്ദകലർന്ന ലോകരഖിലം
നോക്കിപ്പഴിക്കാതെയും.

ഒന്നും തെറ്റണയാതെതന്നെയൊരുവൻ
തൻ ജീവയാത്രാന്തരേ
പിന്നോക്കം തിരിയാതെ പാഞ്ഞിഹ പണി-
പ്പെട്ടെങ്കിലും പോയിതേ
എന്നാൽ നാം പുകഴുന്നതാവിധമെഴു-
ന്നാ ജീവിതത്തെക്കുറി-
ച്ചെന്നല്ലാതൊരുവൻ മരിച്ചവിധമെ-
ന്താകട്ടെയെന്താണതിൽ.

- ആഗസ്റ്റ് 1903

## നമ്മുടെ മൂടുപടം

ഹാ! വന്ദിക്കുക നാം മഹേശനെ മനോ-
ജ്ഞാകാരമാം മൂടൽമ-
ഞ്ഞീവണ്ണം വിരചിച്ചു ദൃഷ്ടികൾ മറ-
ച്ചീടുന്നവല്ലോ ശിവൻ
ഭുവിൽ തൽകൃപയായ മൂടുപടമാ-
ണല്ലോ പരം ലോലമാ-
യേവം നമ്മുടെ ഭാവിമേലവിരതം
മൂടിക്കിടക്കുന്നത്.
ഓരോന്നായ് ദിവസങ്ങൾതോറുമുളവാ-
കും കൃത്യഭാരങ്ങളി-
ന്നോരാതൊത്തൊരു ദർശനത്തിലിഹ നാം
കാണുന്നുവെന്നാകിലോ
പാരം ബുദ്ധി മടുത്തു ഭാരമഖിലം
ചിന്തിച്ചു ചിത്താശയും
തീരെദ്ധീരതയും വെടിഞ്ഞിവിടെ നാ-
മെങ്ങും കുഴങ്ങിയല്ലയോ?
നേരയാ വ്യസനം നിറഞ്ഞ ദിനവും
നക്ഷത്രമില്ലാത്തൊരാ
ഘോരാകാരതയാർന്ന രാവുമഥ ക-
ണ്ടംഗം ഞടുങ്ങില്ലയോ?
പാരം മാർഗ്ഗമതിൽത്തളർന്നു പരലോ-
കത്തിന്റെ പൊക്കത്തെയോർ-
ത്തേറും കാൽകരവും കുഴഞ്ഞുമിഹ നാം
പേടിച്ചുപോവില്ലയോ?
എന്നാലിപ്പൊഴുതെത്ര ദുർഘടവഴി-
ക്കാകട്ടെ പോകേണ്ടതി-
ങ്ങെന്നാലും പുതുയാത്രപോലെ വിരവിൽ-
പ്പോകുന്നു നാം നാൾക്കുനാൾ
ഇന്നീ നമ്മുടെ മുമ്പെഴും പെരുവഴി-
ക്കുള്ളോരു ദൂരത്തെയും
നന്നായ് കാണുകയില്ല നാം നലമൊടെ-

ന്നും തെല്ലുതെല്ലെന്നിയേ. ഏപ്രിൽ 1904

## അഹിംസ

കഴൽ വിരവിലെടുക്കെടുക്കയി-
പ്പുഴ തുണയറ്റതു കൊന്നിടായ്ക നീ:
ചെറിയൊരുടലിതെന്നു നിന്ദ തോ-
ന്നരുതതുമീശ്വരനാണു ചെയ്തവൻ

അവനവികലജീവനാഥനീ
യവനിയിൽ വന്നതവങ്കൽ നിന്നു നീ
അളവകലുമവന്റെയൻപിനീ-
യെളിയ പുഴുക്കളുമംശഭാജികൾ

ദിവി രവിശശിതാരശോഭയു-
ണ്ടവനുടെ സൃഷ്ടിയിലാർക്കുമൊന്നുപോൽ
നവതൃണനിരകൊണ്ടു മൂടീടു
ന്നവനി നിനക്കുമിവയ്ക്കുമായവൻ

കളയുക പുനരല്പകാലമു
ള്ളെളിയ സുഖത്തൊടിരുന്നിടട്ടിവ
കലയുമൊരുമയിരേകിടാവതോ?
കളിയിലുമിന്നയി കൊന്നിടായ്ക നീ

## നെയ്ത്തുകാരുടെ ഒരു പാട്ട്

ഓടം മൃദുപാവിൽ ജവമോടും ഗുണമേറാ-
നോടുമ്പടിയും, സമ്പ്രതി നീ ചെയ്‌വൊരു പൂവിൽ
തേടും മണമേലായുകിലും ശോഭ നിറഞ്ഞാൽ
കൂടുംപടിയും സോദര! നെയ്യൂ! തുണി നെയ്യൂ!

അന്തിക്കെഴുമർക്കന്നെഴുമോരോ കിരണംപോൽ
ചന്തം ചിതറുന്നാ നിറമെല്ലാം വിലസട്ടെ
അന്തർഗ്ഗതമായ് നിന്നഴകോടുന്നിഴതോറും
ചിന്തട്ടെയതിൻശോഭകൾ നിന്നെച്ചുഴലട്ടെ.

നീക്കംകയറട്ടാടയിൽ നന്മേനിവരട്ടേ-
യാക്കെയണയട്ടേ വിരവായും ശരിയായും
എക്കാലവുമേ നിൻ തുണിനൂലൊന്നൊഴിയാതെ
നില്ക്കട്ടിഹ നീണാളൊരു നേരെന്നതുപോലെ.

കായേകനെടുക്കാമിഹ പൂവേകനിറുക്കാം
മായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധി സങ്ക്ല്പിതമാർക്കും
നീയോർത്തതു ഹേ! സോദര! നെയ്യൂ! തുണി നെയ്യൂ!

ധന്യത്വമെഴും മന്നവനും മണ്ണു കിളയ്ക്കും
ഖിന്നസ്ഥിതിയാം കർഷകനും കേവലമാരും
സന്നദ്ധമതായ്‌വന്ന്യുളവെല്ലാം തരുമിമ്പം
തന്നർത്ഥവുമേതും ശ്രമമേലായുകിലോരാ.

- മെയ് 1905

## ഭാഷാമനീഷാപഞ്ചകം

ശങ്കരാചാര്യരൊരുനാൾ
ശാശ്വതാനന്ദമേകിടും
വാരാണസിക്ഷേത്രമതിൽ
വരും വഴിയിൽ വേടനായ്,

പോന്നാൻ ശ്രീപാർവ്വതിജാനി
"പോ! പോ!"യെന്നാൻ ദ്വിജോത്തമൻ
ഉടനാചാര്യരോടേവം
സ്ഫുടമാ വേടനോതിനാൻ

ദേഹം ദേഹത്തെ വേർപെട്ടോ,
ദേഹി വേർപെട്ടു ദേഹിയോ
ആഹാ പോകേണ്ടു? ഹാ വിപ്രാ!
മോഹിക്കുന്നെന്തുരയ്ക്ക നീ?

വ്യത്യാസം ഗംഗയാട്ടേ, പറയനുടെ പഴ-
ഞ്ചോലയാട്ടേ വരുന്നോ
മിത്രച്ഛായയ്ക്കു, മൺപൊൻകുടമിവയിലെഴും
വിണ്ണിനുണ്ടോ വികല്പം
പ്രത്യക്കാം നിസ്തരംഗോദയനിഭൃതനിജാ-
നന്ദബോധാർണ്ണവത്തിൽ
പ്രത്യേകം വിപ്രനാരാരിഹ പറയനഹോ-
യെന്തു വൻഭ്രാന്തിയെല്ലാം!

പഞ്ചകം

ജാഗ്രന്നിദ്രാസുഷുപ്തിത്രയമതിലൊരുപോൽ
ജാഗരിക്കും വിളക്കായ്
വാഴ്കുന്നല്ലോ വിധാതാവുടെയുടലിലുറു-
മ്പുള്ളിലും വിശ്വസാക്ഷി;
ആർക്കുണ്ടാബോധമേ ഞാൻ സുദൃഢമപരമ-
ല്ലെന്ന ധീ വിപ്രനാവാ-

മോർക്കിൽച്ചണ്ഡാളനാവാമവനിഹ ഗുരുവാ-
മമ്മതം സമ്മതം മേ.

ബ്രഹ്മം ഞാനിപ്രപഞ്ചം സകലവുമിഹ ചിൻ-
മാത്രമത്രേ നിനച്ചാൽ
നിർമ്മിച്ചീടുന്നതും ഞാൻ ത്രിഗുണശബളയാം
മായയാലായതെല്ലം
ഇമ്മട്ടാർക്കാണുറപ്പാസ്ഥിരപരമപദ-
ത്തിൽ സ്വയം വിപ്രനാവാം
ചെമ്മേ ചണ്ഡാളനാവാ-മഹനിഹ ഗുരുവാ-
മമ്മതം സമ്മതം മേ.

നേരേയീവിശ്വമെല്ലാം ഗുരുവചനബലാൽ
നിത്യമല്ലെന്നുറച്ചും
പാരം ബ്രഹ്മത്തെയോർത്തും സ്ഥിരതയതിൽ മുതിർ-
ന്നന്തരാ ശാന്തനായും
പാരാതാഗാമിഭ്രതക്രിയകളെ നിജബോ-
ധാഗ്നിയിൽ ചുട്ടുമംഗം
പ്രാരബ്ധത്തിന്നു വിട്ടും മരുവുമിഹ മഹാ-
നിമ്മതം സമ്മതം മേ.

ഓർക്കുന്നേതുള്ളിലെന്നും പശുനരസുരവൃ-
ന്ദങ്ങൾ ഞാൻ ഞാനതെന്നായ്
പാർക്കുന്നീ യക്ഷദേവാദികൾ ജഡത വെടി-
ഞ്ഞേതിനാൽ ചേതനംപോൽ.
ഉൾക്കാമ്പിൽ ഭക്തിയാർന്നാനിജവിഷയഘനാ-
ച്ഛന്നബോധാർക്കനേക്ക-
ണ്ടുൽക്കുലാനന്ദമേല്പം യതിഗുരുവരനാ-
ണമ്മതം സമ്മതം മേ.

ഏതാനന്ദാംശലേശം തടവിയിഹ സുഖി-
ക്കുന്നു വൃന്ദാരകന്മാ-
രേതാശാന്താന്തരാത്മാവതിലിയലുകയാൽ

യോഗിമാർ നിരവൃതന്മാർ
ഏതാനന്ദാർണ്ണവത്തിൽ ഗളിതമതി പര-
ബ്രഹ്മമാം ബ്രഹ്മവിത്ത-
ല്ലേതാളായാലുമിന്ദ്രാർച്ചിതപദനവനാ-
മിമ്മതം സമ്മതം മേ.
- 1906

**ഒരു തർജ്ജമ**

നഖാനി വിധുശങ്കയാ കരതലെന തന്വ്യാവൃണോത്
തതഃ കിസലയഭ്രമാൽ കരമഥാക്ഷിപദ് ദൂരതഃ
തതോ വലയശിഞ്ജിതം ഭ്രമരഗുഞ്ജിതാകാങ്ക്ഷയാ
ഉഹ്ഗരിതി കുഹൂരവധ്വനിധിയാ ച മൂർച്ഛാമഗാൽ

നൽധാവള്യം കലർന്നുള്ളൊരു നഖനിരയെ
ത്തിങ്കളെന്നോർത്തമർത്തി-
കൈത്താരിന്നുള്ളൊളിച്ചാളവളതു തളിരെ-
ന്നോർത്തുടൻ കൈ കുടഞ്ഞാൾ
അത്തവ്വിൽ തൻ വളയ്ക്കുള്ളൊലിയളിരവമെ-
ന്നോർത്തു ഹ്ഗവെന്നു കേണാ-
ളത്തേന്നേർവാണി കൂവും കുയിലിനെയുടന്നൂ-
ഹിച്ചു മോഹിച്ചു വീണാൾ

മദ്ഗേഹേ മുസലീവ മൂഷികവധൂഃ
മൂഷീവ മാർജ്ജാലിക
മാർജ്ജാലീവ ശുനീ ശുനീവ ഗൃഹിണീ
കഥ്യാഃ കിമന്യേ ജനാഃ
മൂർച്ഛാപന്നശിശൂനസൂൽ വിജഹതഃ
സമ്പ്രേക്ഷ്യ ഝില്ലീരവാൽ
ലൂതാതന്തുവിതാനസംവൃതമുഖീ
ചുല്ലീ ചിരം രോദിതി

പല്ലിക്കൊത്തെലിയായെലിക്കു സമമാ-
യീ പൂച്ചയും പൂച്ചതൻ
തുല്യം പട്ടിയുമായി പട്ടിയതുപോ-
ലായ് പത്നിയും പത്തനേ
ചൊല്ലുന്നെന്തിനി ഞാൻ ചിലന്തിവലയാം
മുണ്ടാൽ മുഖം മൂടിയാ-
ഝില്ലീശബ്ദമിയന്നടുപ്പുഴതിട്ടു-
ന്നെന്നുണ്ണിമാർ ചാകവേ

## ഡൽഹി കിരീടധാരണം

ചിരമഴലിലുറങ്ങി ശ്രീഘ്രമെന്തിപ്പൊളിന്ത്യാ-
ധരണീ കൊടികൾപാറിക്കോൾമയിർക്കൊൾവതമ്മേ,
ഹരിയപരനിതാ 'ജാർജെ'ത്തി-ഹാ! നീയറിഞ്ഞൂ
ശരി, പതിയുടെ സാക്ഷാൽ സ്പർശനം ദർശനീയേ.

യവനമുഗളയുദ്ധോദഗ്രകോലാഹലത്തിൽ
ഭവതിയുണരുമാറായില്ല ഹേ! പുണ്യഭൂമി,
അവസരമിതിലാമോദാർത്ഥപീരങ്കിഭീമാ-
രവഭയപുളകം നീ വീരപത്നീ! വഹിക്ക!

ചരമകമലമേറ്റം ശോഭതേടുന്നു, മിന്നു-
ന്നരമിത ഹിമകാലക്ലിഷ്ടനെന്നാലുമർക്കൻ
പരമഭിനവമേന്തി ഹന്ത ചൈതന്യമേതും
ഭരതധരണി കില്ലില്ലിപ്പൊഴുദ്ബുദ്ധയായ് നീ.

ഉദിതകുതുകമിപ്പോൾ നിന്നരയ്ക്കോമലമ്മേ,
ഉദധികളണിയുന്ന ലോലനീലോർമ്മിചേലം
അതിമിനുസവുമാകുന്നദ്രിരാജൻ ഹിമത്താൽ
സിതമണിസരളശ്രീസ്നിഗ്ദ്ധകൂടം കിരീടം

ഝടിതി ജനനിയെങ്ങും ചാരുകിർമ്മീരവർണ്ണ-
ക്കൊടിനിരകൾ പറന്നും ചോപ്പുകുപ്പായമേലും
ഭടനിരകൾ നിരന്നും പാർക്കിൽ വാഴ്ത്താവതോ നിൻ
വടിവഹഹ! പകർന്നു പൂത്ത വൻകാടുപോലെ

നഗഗതഹരിധീരൻ നമ്രസാമന്തരുള്ളിൽ
ഖഗപരിവൃതവാപീകാന്തകാദംബകല്പൻ
അഗണിതഗുണ'നഞ്ചാംജാർജെ'ഴുന്നെള്ളി ദില്ലീ-
നഗരിയിൽ വിലസീടുന്നിന്നു രാജാധിരാജൻ.

അതിവിഭവമതിശ്രീ ശക്തിയെല്ലാം ത്രിലോകീ-
പതിയുടെയവതാരത്തിന്റെ കോപ്പെന്നുരപ്പൂ

അതുകരുതുകിലിന്നിയാംഗലാധീശനീന്ത്യേ,
അതുലനതു ധരിക്കമാക നീയാഗമാദ്യേ

സമനയഗുണനാർക്കും സ്വപ്രജാസഞ്ചയത്തിൽ
ഭ്രമണമതിലിരുട്ടേലാത്ത ഭൂമിക്കധീശൻ
അമലനജധർമ്മം കാക്കുവാൻ വ്യഗ്രനീ നിൻ-
രമണനിത കിരീടം ചൂടി നന്ദികയിന്ത്യേ.

”തുലയിൽ നിയതുധർമ്മം താണധർമ്മങ്ങൾ പൊങ്ങും-
നിലയിലവതരിക്കുന്നുണ്ടു ഞാനെ”ന്നു ദേവൻ
സ്ഥലമിതിലടൽമദ്ധ്യത്തന്നു ചൊന്നാന്നുറക്കെ,
ഫലമിത ഭഗവാൻതൻ വാക്കിൽ നീക്കം ഭവിക്കാ.

ധൃതനയകരുണാബ്ധേ! ചക്രവർത്തിൻ! ഭവാനിൽ
ശ്രുവിനയധനന്മാർ വിശ്വസിക്കുന്നു ഞങ്ങൾ
മതി പറവതു ഭാഗ്യം മാന്യയാമിന്ത്യമാതാ,
പതിഭുജമതു താങ്ങിപ്പിന്നെയും ധന്യയായി.

ക്ഷമയെ ഹരിപതാകൻ കാപ്പൂ ഭൂപൻ ശതാബ്ദം
പ്രമദമൊട്ടു പുരന്ധ്രീരത്നമാം പത്നിയോട്ടും
സമധികതരമാവൂ സൗഖ്യവും ശ്രീയുമിന്ത്യ-
യ്ക്കമിതഗുണ ജയിപ്പൂ ഭുവിലാംഗ്ലേയലക്ഷ്മി.
- 1911

## പള്ളിക്കെട്ടു മംഗളാശംസ

ഉന്നിദ്രം കാലചക്രം തിരിയുമളവു പൊ-
ങ്ങി സ്ഫുലിംഗങ്ങൾപോലി-
ങ്ങന്യൂനം മായുമോരോ ദെനമതിലമിതാ-
നന്ദമിന്നുള്ളഹസ്സേ!
ധന്യം നീ, നിന്നിലല്ലോ സുമുഖിയിളയരാ-
ജ്ഞിക്കു തൃത്താലിചാർത്താൻ
മിന്നുന്നോർത്താൽ മുഹൂർത്തം മഹിതമരിയപൊൻ-
നൂലിലത്താലിപോലെ.

ഹാ! രമ്യം ബാല്യമിപ്പോൾ ചിരസഖിഭവതി-
ക്കോതുമേ യാത്ര കേഴാ-
യ്കാരോമൽത്തമ്പുരാട്ടീ ദശകളറിക മർ
ത്ത്യർക്കു നിത്യങ്ങളല്ലാ
ധീരത്വം പൂണ്ടു കൃത്യങ്ങളിൽ മരുവുക,
ധന്യൻ വിധാതാവു കാലേ
വീരുത്തേ ശാഖിമേലും വനിതയെ വര-
ഹസ്തത്തിലും ചേർത്തിടട്ടെ!

ഓരാതുല്ലാസവും ഭീതിയുമുരുസുഖവും
ദുഃഖവും നിന്നു നിത്യം
പോരാട്ടും ജീവിതത്തിൽ വലിയ പടനിലം
യൗവനം ഭവ്യശീലേ,
പേരും ധർമ്മത്തിൽ നിന്നാൽ ജയ,മപജയമാം
തെറ്റിയാലോർക്ക ദീർഘം
പാരിൽ പ്രാപിക്ക രാജ്ഞി, തിരുവടി സുഖദാ-
മ്പത്യമാദ്യന്തഹൃദ്യം.

പ്രാപിച്ചു ഭാഗ്യമാര്യേ ഭവതിയെ രവിവർ-
മ്മാഖ്യനാം ചിത്രകൃത്താം
ഭൂപാലൻ തന്റെ ബീ.ഏ.പദവിജയി മഹാ-
ഭാഗനാം ഭാഗിനേയൻ
ശോഭിച്ചു ദ്വന്ദമേറ്റം പ്രജകൾ കൃതികളായ്

നിങ്ങളിൽ സാമ്പ്രതം നി-
ക്ഷേപിക്കുന്നാശ വഞ്ചിക്ഷിതിപകുലമതിൻ
വമ്പെഴും പൊൻപതാകെ.

പൃഥ്വിശാലംബരല്ലോ പ്രജകൾ, ഭവതി
ദൃഷ്ടാന്തമായ് കാന്തമാർക്കും
വർത്തിക്കും രാജ്ഞിമാർക്കും ചിരമിവിടെ വധൂ-
ജാതി വിഖ്യാതിയേലും
പ്രത്യേകിച്ചിന്നിവയ്ക്കും വരമരുളുമജൻ
പാർവ്വതീഭായിരജ്ഞീ-
പുത്രന്മാരെന്ന പേരാർന്നിനിയവനിപർ
വേണാടു വാണീടുവാനും.
- 1907

## ഷഷ്ടിപൂർത്തിമംഗളം

അടവിചൂഴും സഹ്യന്റെ കൊടുമുടികളും മൂന്നു
കടലുകളും കാക്കുന്ന കേരളത്തിന്റെ
മുടിമണിപോലെ തെക്കു വിളങ്ങും വഞ്ചിരാജ്യത്തിൽ
കുടിപാർക്കുന്നവർതന്നെ ധന്യരൂഴിയിൽ.
അവരന്യപ്രജകൾപോലരിഭീതിയറിവീല
അവർക്കീതിഭയവുമില്ലൊരുകാലത്തും,
അവനം ചെയ്യുന്നു നിത്യമനുഭാവഗരിഷ്ഠന്മാർ
അവരെക്കുലശേഖരപ്പെരുമാക്കന്മാർ.
കരവഴി മുകിലനും കടും മൈസൂർക്കടുവായും
ഉരപെടും കടലൂടെ പറങ്കികളും
വിരയെവന്നു പിടിപ്പാൻ, വഞ്ചിശ്രീ തട്ടിക്കളഞ്ഞു
കരങ്ങളെ-യവൾ വീരക്കളത്രമല്ലീ!
മംഗലചരിതംകൊണ്ടും മതിവൈഭവങ്ങൾകൊണ്ടും
തുംഗമാം തേജസ്സുകൊണ്ടും തിളങ്ങി നിൽക്കും
ആംഗലമഹാലക്ഷ്മിയെ വഞ്ചിലക്ഷ്മി സഖിയായി-
സ്സംഗമിച്ചു-സത്തു ചേരും സത്തിനോടുതാൻ
അതിപുരാതനം വഞ്ചിരാജവംശം ചെന്നെത്തുകി-
ല്ലതിനുടെയടിക്കെങ്ങും ചരിത്രദൃഷ്ടി
അതിനാലക്ഖനിയുടെ മുകളിലെച്ചില ചാരു-
ദ്യുതിപെടും രത്നങ്ങളെയറിവൂ നമ്മൾ
ക്ഷതികൾ നീക്കിയും രാജ്യപരിധികൾ പരത്തിയും
സ്ഥിതിയുറപ്പിച്ചും കാത്തും പരിഷ്കരിച്ചും
അതിമാനുഷഗുണന്മാരടുത്തകാലത്തു വഞ്ചി-
ക്ഷിതി വാണിരുന്ന പല തമ്പുരാക്കന്മാർ
അഹിതതമസ്സകറ്റിയന്വർത്ഥസംജ്ഞതേടിയ
മഹിതചരിത്രൻ സാക്ഷാൽ മാർത്താണ്ഡവർമ്മ.
മഹിയിൽ പ്രസിദ്ധിയാർന്ന ബാലരാമവർമ്മ പിന്നെ
മഹിളമാരുമയമ്മ പാർവ്വതീരാജ്ഞി,
ഖ്യാതിയേറീടും സകലകലാവല്ലഭരായോര-
സ്സ്വാതി,യായില്യം,വിശാഖം തിരുമേനിമാർ
നീതിയോടിവരെല്ലാരും ഭരിച്ചിന്നാടിന്നു നിത്യ
ഭൂതിചേർത്തതിന്നും നമ്മൾ സ്മരിപ്പതല്ലോ.

ധവളയശസ്സുകൊണ്ടു ധരണിയിൽ വെണ്മതേടു-
മവരുടെയനുഗ്രഹശേവധിയായി,
ഭുവനവിളക്കായ്, ഭാഗ്യപരമാവധിയായ്, ഭക്ത-
കുവലയങ്ങൾക്കു പൂത്തൻ കുളിർമതിയായ്,
അവരും നമ്മളും ഭാവിപ്രജകളുമ്പിൽചെയ്തോ-
രവധിയറ്റ പുണ്യത്തിൻ പരിപാകമായ്
അവനിയിൽ മൂലതാരമതിപ്രഖ്യാതമാംവണ്ണം
അവതരിച്ചരുളിയ പൊന്നുതമ്പുരാൻ,
കരുണാവാരിധി ചിത്തകമലത്തെ കമലാക്ഷ-
ചരണപീഠീകരിച്ച ചരിതവ്രതൻ,
നിരുപമഗുണനിധി നിഗമാർത്ഥജ്ഞൻ നിശാത-
നിരവദ്യമതി നാനാനീതികോവിദൻ,
നരദേവനിന്നു നമ്മെബ്ഭരിച്ചു വാണരുളുന്നു
ധരയിൽ നമ്മെപ്പോലുണ്ടോ ഭാഗ്യശാലികൾ!
പരം പല ഭിന്നജാതിമതസ്ഥരാം നമ്മെയെല്ലാം
തിരുമേനി സ്നേഹിക്കുന്നു തനയരെപ്പോൽ.
പിറയും കുരിശും നീളെ പക്ഷീന്ദ്രനും വൃഷഭവും
കുറവെന്യേ കൊടികളിൽ പൊങ്ങിനിൽക്കുന്നു!
പറയക്കിടാങ്ങളോടൊത്തെഴുത്തിനിരുന്നീടുന്നു
മറയോരുടെയുണ്ണിമാർ മറ്റെന്തുചൊൽവൂ!
ഇന്നാളല്ലോ പൊന്നുതിരുമേനി തിരുമുപ്പേറ്റതി-
ന്നെന്നാൽ മുപ്പത്തിരണ്ടബ്ദം പറന്നുപോയി.
എന്നല്ല നാം ചിരംകാത്ത ഷഷ്ടിപൂർത്തിമഹാമഹ-
മിന്നാണല്ലോ ഹന്ത ഭാഗ്യം ഹരി ഓ! ഹരി!
* *

അഞ്ചിതഗുണഗണരായബ്ജനാഭപാദപത്മ-
ചഞ്ചരീകചിത്തരായ തമ്പുരാന്മാരിൽ
സഞ്ചിതസമൃദ്ധിയോടും സകലഹിതമാമ്മാറീ-
വഞ്ചിനാടു വാണിരുന്നില്ലിതുപോലാരും
നെഞ്ചലിഞ്ഞു ജനഹിതമൊന്നിനെ മുൻനിർത്തിയേതു
വഞ്ചിലവും ചെയ്തിടുന്ന വസുന്ധരേശൻ
മുഞ്ചരിതംവിടാതെയും മുറുകെപ്പിടിക്കാതേയും

തഞ്ചമായ് നീതിമാർഗ്ഗങ്ങൾ തെളിയിക്കുന്നു.
നാഞ്ചിനാട്ടുമരുഭൂവിൽ നദിയെത്തടഞ്ഞുകേറ്റി
കാഞ്ചനം വിളയിക്കുന്നു കരുണാനിധി
വാഞ്ഛിതം നമുക്കുണർത്താൻ വഴിനല്കം പ്രജാസഭ
പാഞ്ചജന്യപാണിഭക്തൻ നടത്തിക്കുന്നു.
പീവരമാം മലയടി തുരന്നും പാതകൾവെട്ടി-
യാവിവണ്ടി നടത്തുന്നിതൊട്ടുദൂരത്തിൽ,
കേവലം കീഴ്നടപ്പുകൾ ഗണിയാതെ വർഗ്ഗങ്ങൾക്കു
പാവനനിയമം നൃപൻ നിർമ്മിപ്പിക്കുന്നു.
അടവിയിൽ വഴിവെട്ടിത്തെളിക്കുന്നു മുകിൽമുറ്റും
കൊടിയ മലയും കൃഷിത്തോട്ടമാക്കുന്നു,
വടിവിൽ തുറമുഖങ്ങൾ തുറക്കുന്നു തിരതല്ലും
കടലിലും പാലം പണിതുറപ്പിക്കുന്നു.
ധനം വർദ്ധിച്ചിതു നാട്ടിൽ ധാരാളം വിദ്യ വർദ്ധിച്ചു
ജനവും വർദ്ധിച്ചു-ഹന്ത! ജയിപ്പൂ ഭൂപൻ!
അനന്തഗുണമിയലുമനന്തരവരുമൊന്നി-
ച്ചനന്തശായി കാരുണ്യാമൃതസേവയാൽ
അനന്തരായം ശതാബ്ദമഹവും കഴിഞ്ഞു നൃപ-
നനന്താതലം വാഴട്ടെയനന്തകാലം!
ആസുരഭാവം ഭൂവിൽനിന്നകലട്ടെ നിത്യം ശുഭ-
വാസരങ്ങൾകൊണ്ടു വിശ്വം തെളിഞ്ഞീടട്ടെ!
‘കൈസറു’ടെ കരബലമസ്തമിച്ചെങ്ങു ‘മാംഗല’-
കേസരിപതാക കാറ്റിൽ കളിയാടട്ടെ!

## മംഗളാശംസകൾ

താനേ പോയ് വർഷമിപ്പോൾ ധരണി സുഭഗ-
സസ്യാഢ്യയായ് വിണ്ണിലെങ്ങും
വാനോര്യാനത്തിൽ വെള്ളക്കൊടിനിരകൾ
കണക്കായ് പറക്കുന്നു മേഘം,
നൂനം വഞ്ചിഭ്രുവാസവനു തിരു-
വയസ്സമ്പതും നാലുമായെ-
ന്നാനന്ദം ദ്യോവിലും ഭ്രുവിലുമിയലു-
കയാം ചേതനാചേതനങ്ങൾ.
- സെപ്തംബർ 1911

പുരുകൃപയൊടു നമ്മെപ്പോറ്റുമിപ്പൊന്നുമൂലം
തിരുവടിയവതാരംചെയ്തൊരന്നാൾ തുടങ്ങി
ഉരുസുകൃതമുയർന്നോരുഴിയിൽ ചെയ്തു ചുറ്റീ-
ട്ടരുണനുഴറിയൻപത്തെട്ടു തീർത്ഥാടനങ്ങൾ.

നാലക്ഷരം തിരിയുവോർ നലമോടുപാടു-
മാലക്ഷമാര്യഗുണമഞ്ജരിയാർന്നു നിത്യം
കാലക്ഷയം തടവിടാതിഹ കല്പകംപോൽ
മൂലക്ഷമാരാമണ, നിന്തിരുമേനി വാഴ്ക!

സമ്പത്തും സുഖവും സമസ്തഗുണവും
സൽകീർത്തിയും സാന്ദ്രമാ-
യമ്പത്തെട്ടു ശരത്തു ധന്യതരമാ-
തീർന്നു ഭവത്സേവയാൽ
മുമ്പത്തേയവ വെല്ലുമാറണിനിര-
ന്നെത്തും ശുഭബ്ദങ്ങൾ മേ-
ലൻപത്യന്തമെഴുന്ന വഞ്ചിനൃപതേ,
തൃക്കാൽമെതിക്കമിനി.
- ഏപ്രിൽ 1916
ഛിദ്രംവിട്ട ഗുണങ്ങൾ തിങ്ങി വിലസും
ശ്രീമൂലഭൂപാലകോ-
ന്നിദ്രശ്രീയുതഭാഗ്യവാൻ കടലിനെ-

പ്പൊക്കാൻ ചൊരിക്കും സദാ
സദ്രക്ഷാനിപുണങ്ങളാം മൃദുകടാ-
ക്ഷത്തിൻ തരംഗങ്ങളാൽ
ഭദ്രം പാൽക്കടൽമേൽ ശയിച്ച പരിശോ-
ഭിക്കും കൃപത്തേൻകടൽ/
ഇന്നല്ലോ സുദിനം ചിരം ധരയിൽ നാ-
മാശിച്ച ലോകോത്സവം
വന്നല്ലോ കരുണാപയോധി മഹിത-
ശ്രീവഞ്ചിഭൂവാസവൻ
ചെന്നർക്കാമലകാന്തി പൂണ്ടു കയറു-
ന്നല്ലോ ശുഭാവസമായ്
നിന്നമ്പും പുരുഷായുഷാംബരലസ-
ന്മദ്ധ്യത്തിൽ നിത്യോജ്ജ്വലൻ

ശ്രീയുക്തം നിജഷഷ്ടിപൂർത്തിമഹമീ-
ശ്രീമൂലഭൂപൻ നയി-
ച്ചായുസ്സിന്നപരാർദ്ധമായനിതര-
ക്ഷേമത്തൊടെത്തീടുവാൻ
വായുപ്രേരിതപത്മമൊത്തു രമത-
ന്മേലിലും ഭജിപ്പോരിലും
ചായും കൺമുന നീട്ടിടട്ടെ ഭഗവാൻ
ശ്രീ പത്മനാഭൻ സദാ.

ശ്ലഥരസത വിടാതെ സല്പ്രബന്ധ-
ഗ്രഥനമനോജ്ഞ ചരിത്രഭൂതിയാർന്നും
വ്യഥ സകലമെഴാതെയും ശതാബ്ദം
പ്രഥയൊട്ടു വാഴുക വഞ്ചിമൂലഭൂപൻ!

വടിവിൽ വലിയ വഞ്ചിവംശകീർത്തി-
ക്കൊടിമരമായ കൃപാലു മൂലഭൂപൻ
നെടിയ ഹരികടാക്ഷമാം കയറ്റിൻ-
പിടിയൊറ്റു നിൽക്ക നിവർന്നു നീണ്ടകാലം.
- സെപ്തംബർ 1918

വിലതടവിയ വഞ്ചിമന്ദിരത്തിൻ-
വിലയമെഴാത്ത വിളക്കു മൂലഭൂപൻ
വിലസുക ഫണിശായിതൃക്കടക്കൺ
വിലസിതമാം നവതൈലവീചിയാലെ.
- ഒക്ടോബർ 1918

നല്ലതേകുക കനിഞ്ഞു നിത്യമീ-
യല്ലൽതീർത്തു നൃപജന്മതാരകം
കൊല്ലവർഷശിശുവിൻ കഴുത്തിൽ ഞാ-
നല്ലസിക്കൊമൊരു ദിവ്യഭൂഷണം.

ജാതിക്കൊക്കെയുമതുപോലെയിമ്മതങ്ങൾ-
ക്കേതിന്നും സമനിലതേടിയെന്നുമാർക്കും
ഭൂതിക്കായ് വിലസണമുന്നതപ്രഭാവൻ
ജ്യോതിസ്സഞ്ചയപതിപോലെ മൂലഭൂപൻ.
- 1922

ഹാ! മൂലദിവാകരനാവിർഭൂതനായോര-
ശ്രീമെത്തും ശുഭകാലം പിന്നെയും വരുന്നല്ലോ

താമരകൾക്കുമാത്രം താങ്ങലാം താനെന്നായി
സ്വാമിയെച്ചൊല്ലുന്നതു സത്യമല്ലഹോ പാർത്താൽ.

ഇക്കുപ്പച്ചെടിയേയുമവനംചെയ്യുന്നല്ലോ
പൊല്ക്കരം നീട്ടിദ്ദേവനാകയാൽ കൃതജ്ഞമായ്

ഉൽക്കടഭക്തിയോടുമുൾക്കാമ്പു തുറന്നിനി
പുല്ക്കൊടിപ്പൂവേ, നീയും പാടുക മംഗളങ്ങൾ.
- 1923

## കേരളവർമ്മതിരുനാൾ മംഗളം

സ്വയമുത്സുകം സ്വജനമൊക്കെയെങ്കിലും
ദയനീയമിന്നു തിരുനാൾമഹാമഹം
അയി മംഗളം തടവിയഗ്രജവ്യഥാ-
വ്യയിതാത്മധൈര്യനിധി വാഴ്ക തമ്പുരാൻ!

പറയാം മഹാമഹിമയാർന്നവർക്കെഴാ
കുറവൊട്ടു ദേവ, ഭുവനാന്തരത്തിലും
നിറയും തമസ്സഥ നമുക്കു കാട്ടുവാൻ
മറയട്ടെ നീതദിവസൻ ദിവാകരൻ.

ജനമാർത്തിപൂണ്ടിതു, ഭവാദൃശർക്കെഴാ
നിനവോർക്കിലീയുടലിൽ, നിത്യമോഹിനി
അനഗീയമാന അമരീജനങ്ങളാൽ
തനു, ദേവ! നിങ്ങടെ വശം യശോമയി.

തിരുമേനിയെങ്കിലുമതീവ സൗഖ്യമായ്
തിരുനാളസംഖ്യമിനിയും നയിച്ചുടൻ
മരുവീടുമായതിനു കേരളക്ഷമാ-
പുരുഹൂത, നിത്യമരുളും ശിവം ശിവൻ.

ഉപഹാരമിന്നമിതവാങ്മയം സ്വയം
പ്രപദത്തിൽവച്ചു തൊഴുതേൻ യഥാപുരം
അപഖേദമങ്ങു കവിമൗലിരത്നമേ!
കൃപയാൽ വളർത്തിയ കിടാവു 'വർദ്ധിനി'.
- 1912

### ഒരു യാത്രാമംഗളം (ദിവാൻ രാജഗോപാലാചാരിക്ക്)

പോകുന്നു നീ ദിനമണേ,യിവിടം വെടിഞ്ഞു
മാഴ്കുന്നു താമരകൾ ദിക്കുകൾ മങ്ങിടുന്നു,
ഹാ, കഷ്ടമായിഹ ജനങ്ങൾ കുഴങ്ങു,മന്യ-
ലോകത്തിലും പ്രഭകലർന്ന ഭവാൻ വിളങ്ങും.

ഏതാകിലും വരണമിങ്ങു വരേണ്ടതെല്ലാം
ജ്ഞാതാക്കളായതില്ലെഴില്ല വ്യഥാ വിഷാദം
വീതാമയം ക്രമികമാമുദയങ്ങൾ കാല-
നേതാക്കൾ കാക്കുകയുമാണു ഭവാദൃശന്മാർ.

പാട്ടായി ചേർന്നഹഹ! പക്ഷികൾ ചേക്കതോറും,
തേട്ടിച്ചവച്ചഴലൊടാലയമെത്തി ഗോക്കൾ,
ആട്ടം വെടിഞ്ഞിതു തരിക്കൾ ഭാവാനിലേവം
കാട്ടുന്നു നന്ദി പലമട്ടു ചരാചരങ്ങൾ.

നാടൊക്കെയും സ്തുതി മുഴങ്ങുകിലും ഭവാനു
കേടറ്റതല്ലലകമെന്നതു കാട്ടുവാനോ
ക്രുദ്ധപ്രകോപമൊടിതാ വെളികൂട്ടിടുന്നു
മൂഢത്വമാർന്ന ചില മൂങ്ങകൾ മുക്കുതോറും.

അത്യന്തതീക്ഷ്ണകരനെന്നുമുപാഗതർക്കും
പ്രത്യർത്ഥികൾക്കുമൊരുപോലെയഗമ്യനെന്നും
പ്രത്യക്ഷമായ് പഴി ദിവാന്ധരഹോ! കഥിപ്പൂ
പ്രത്യഗ്രപദ്മിനികൾതൻ പ്രിയനെന്നുപോലും.

ദോഷാന്ധകാരമതകറ്റിടുമെന്നുമാർക്കും
ഭോഷത്തമാർന്നു സമഭാവന കാട്ടുമെന്നും
ശേഷം ഗുണങ്ങളെയുമങ്ങനെ താൻ മറച്ചീ-
ദോഷൈകദൃക്കുകൾ പുലമ്പു-മിതാരു കേൾപ്പൂ

ആരിങ്ങു പൂർണ്ണഗുണവാനഥവാ ഖലന്മാർ
ക്കാരാണു മൂവുലകിലുള്ളതൊരാളവാച്യൻ

ആരൊക്കെയേതരുളിയാലുമഹോ തുടർന്ന
നേരായ തന്റെ വഴിവിട്ടു മഹാൻ നടക്കാ.
വാചാലഭൂരിഗുണമാർന്നൊരു 'രാജഗോപാ-
ലാചാരി' ഞങ്ങളെ വിട്ടുന്നൊരമാത്യവര്യൻ
ഈ ചാരു സൽപ്രകൃതിയാർന്ന മഹാനുഭാവൻ
നീചാന്യഭാഗ്യയുതനായ് നെടുനാൾ ജയിപ്പൂ.
- 1912

## ഒരു യാത്രാമംഗളം (സർ എം. കൃഷ്ണൻ നായർക്ക്)

വഞ്ചിവല്ലഭന്റെ ഘനമേലും ശാസനയും മുപ്പ-
ത്തഞ്ചുലക്ഷം പ്രജയുടെ രക്ഷാഭാരവും
തഞ്ചമോടൊരാറുകൊല്ലം ചുമന്ന തലയുമഹോ!
തഞ്ചുമലും തളർന്നൊരീ മന്ത്രിസത്തമൻ
സ്ഥടം വിശ്രമം കൊതിച്ചു പൂരവേലതീർന്ന തിരു-
നടയിലെത്തും നല്ലാനത്തലവൻപോലെ
വടിവിൽ ശ്രീവഞ്ചിലക്ഷ്മീഭഗവതിയെത്തൊഴുതു
വിടവാങ്ങും ഭംഗി കാണ്മിൻ സഹജന്മാരെ!
ഇമയ്ക്കാതെ നോക്കീടുവിനിതാ നമ്മെ വെടിയുവാൻ
ശ്രമിക്കുന്ന ഗുണഗണനിധിയീ ശ്രീമാൻ
നമുക്കൻപോലുമിദ്ദിവാൻ, നമ്മെയിതാ വെടിയുന്നു
നമസ്കരിക്കുവിൻ, നിങ്ങൾ നമസ്കരിപ്പിൻ!
സമസ്നേഹമാർന്ന സർവ്വപ്രജകളിൽ വർത്തിച്ചതും
സമർത്ഥതയോടു പാരം വിദ്യയ്ക്കു നാട്ടിൽ
സമുചേർത്തതുമെല്ലാം-അയ്യോ! മഹാൻ പോയീടുന്നു
സമയമില്ലോതാൻ ഉള്ളം സംഭ്രമിക്കുന്നു
ക്ഷണവിശ്രമാനന്തരം ചിതശക്തിയായിജ്ജന-
പ്രണയിമഹാനുയർന്ന പദവിനേടാൻ
തുണചെയ്ക ദൈവം, പക്ഷേ, തനിയേ വരും ഗുണങ്ങൾ
ഗുണവാന്മാർക്കെന്തിനു വേറനുഗ്രഹങ്ങൾ!
ഉഴറിയന്യദേശങ്ങളണയും ഭവാൻ ഞങ്ങടെ
പഴയ സ്നേഹം മഹാത്മൻ മറന്നീടല്ലേ.
കുഴങ്ങുന്നു മനം കണ്ണീരൊഴുക്കി മൊഴിയിടറി
വഴങ്ങുന്നു യാത്ര ഞങ്ങൾ വല്ലവാറുമേ!
ജയിക്ക മൂലഭൂപാലസചിവോത്തമനായ് നാട്ടിൽ
ജയശ്രീ പരത്തിപോമിജ്ജനവത്സലൻ
ജയിക്ക സദ്ഗുണനിധി! ജയിക്ക കുശാഗ്രബുദ്ധി!
ജയിക്ക ‘ശ്രീ കൃഷ്ണൻനായർ ദിവാൻ ബഹദൂർ!‘
- ജൂലൈ 1920

ഒരു യാത്രവഴങ്ങൽ
(ഇംഗ്ലീഷിൽ നിന്ന്)

അല്ലേ! ഭാരതസൂര്യ! ദുർവ്വിധിബല-
ത്താൽ നിന്നെയും ഹന്ത നിൻ
ചൊല്ലേറും പ്രജയേയുമുന്നത്തരു-
ക്കൂട്ടത്തെയും നിത്യവും
ഫുല്ലേന്ദീവരകാന്തി പൂണ്ട ഗഗന-
ത്തിൽ പൂത്തിണങ്ങുന്നതാം
നല്ലോതാക്കുസുമോൽക്കരത്തെയുമിതാ
കൈവിട്ടു പോകുന്ന ഞാൻ

എന്നല്ലെൻ പ്രിയഭാരതീയസഹജ-
ന്മാരേ! ഭവാന്മാരെയും
നന്നായ് നിങ്ങടെ സൗഹൃദത്തെയുമന-
ക്രോശാർദ്രഭാവത്തെയും
ഒന്നായ് തന്നെ ലഭിച്ച ഞാനിഹ ‘സിലോൺ’
തോട്ടുണ്ടു ‘ഡാർജ്ജിലിങ്ങി’ൽ
ചെന്നെത്തും വരെ നിന്നതൊക്കെയുടനേ-
യൊന്നായ് നശിക്കുന്നുവോ?

നന്നായ് വാഴുവിനിന്നു നമ്മുടെ ജഡ
ത്തെദ്ദേശവും കാലവും
മന്ദം വേർപെടുവിച്ചിടട്ടെ മതിലും
കെട്ടും മറഞ്ഞീടുവാൻ,
വന്നാ വിസ്മൃതിയാമിരുട്ടുമഥ മൂ-
ടീടും ഹിമാദ്രിയ്ക്കു കീ-
ഴെന്നും നിങ്ങളെയാകവേയിഹ മറ-
ച്ചീടുന്ന മഞ്ഞെന്നപോൽ.

കണ്ടു നിദ്രയിലോ ഭവൽ കപിശര-
മ്യാസ്യങ്ങളും കാന്തിയാൽ
വണ്ടൊക്കും നയനങ്ങളും പരിമൃദു-
സ്പർശങ്ങളാം കൈകളും?
കണ്ടുത്വം കലരാതെയന്യ ദിശി ഞാൻ
പോകുമ്പൊഴും കൂടവേ

തെണ്ടും സ്നേഹമിയന്നതോർമ്മയിൽ വരു-
ന്നുണ്ടായതും നിദ്രയോ?

സത്യം സ്വപ്നമതാണു സർവമിഹ നാം
ജീവിപ്പതിന്നിൻഡ്യയാം
പൃഥ്വീമണ്ഡലവും പരം വലിയൊരാ
സ്വപ്നത്തിലൊന്നായ് വരാം
അത്യർത്ഥം വിളറുന്ന വിൺനിലധികം
മണ്ടുന്ന രശ്മിയ്ക്കു കീഴ്
ചിത്താശ്വാസവുമാത്മഹർഷവുമുദി
പ്പിക്കും കിനാവാമത്

എന്നാലേറ്റമടുത്തവറ്റയുമക-
റ്റീടാൻ ബലാലന്തരം
വന്നായുന്നൊരു കാലദിക്കുകൾ വിചാ-
രിക്കുമ്പോഴെന്നായ് വരാം?
ഒന്നും കേവലമില്ല മിഥ്യയവയെ-
ന്നും നാം പഠിച്ചില്ലയോ
നന്നായിങ്ങവയെത്തടുത്തു പുറമേ
നാം കോട്ട കെട്ടേണ്ടയോ?

സത്യം സമ്പ്രതിയീവിചാരമിതുതാ-
നെന്നേ സമാധാനമു-
ള്ളതത്യം ബത സിന്ധുവും കരയുമായ്
നാം വേർപെടുമ്പോളിനി
നിത്യം 'സൂര്യ്'നെനിക്കുമോർക്കുകിലയേ!
നിങ്ങൾക്കുമൊന്നാണിതി-
ന്നെത്താ ഭിന്നത് വയ്ക്കുവിൻ പ്രണയമെ-
ന്നേയ്ക്കും ഭവിക്കട്ടത് !

## രണ്ടു മംഗളാശംസകൾ

പ്രേമം മുഴുത്തു കവിയാൽ കവിസാർവ്വഭൗമ-
നാമത്തിൽ നിർമ്മിതമനോഹരസൗധമേ, നീ
ത്തുമഞ്ജുവാം കവിതപോൽ സുധയാർന്ന ചിന്താ-
രോമന്ഥമേകിയരുളുന്നയി രോമഹർഷം!
- ഏപ്രിൽ 1922

ഗേയം ഹർമ്മ്യഗതം ചമപ്പതിന്ന ചൊ-
ല്ലീടുന്നവല്ലോ ബലാൽ
ഭ്രൂയോ മോദമൊടെൻ സുഹൃത്തിളയ-
ചാന്നാർ, ദേവി കാവ്യാത്മികേ!
മായാപേത മമത്വമാരെയുമിള-
ക്കീടുന്നവെന്നല്ലയേ,
നീയും ലക്ഷ്മിയുമേതിലേറുമതി-
ലേറീടുന്ന സൗന്ദര്യവും!
- 1907

### മൂലൂരിനയച്ച കത്ത്

സ്വാമിനി, സർവ്വജ്ഞപ്രിയ-
ഭാമിനി, പരചിത്രഭുവനവിന്യാസം
പ്രേമംചെയ്ത ഭവാനവൾ
കാമിതമരുളട്ടെ കമലപത്രാക്ഷി.

അത്യാനന്ദമഹോ തരുന്നയി ഭവാ-
നൻപോടയച്ചുള്ളൊര-
ക്കത്താകും കവിതാരസോർമ്മി കരളിൽ-
ച്ചേർക്കും സുധാമാധുരി
വ്യത്യാസം പറയുന്നതല്ലതു വശാൽ
വേഗാലയയ്ക്കുന്നിതി
പ്രത്യാവേദനപത്രവും പ്രകൃതിയാം
മാന്ദ്യം മറന്നിന്നു ഞാൻ.

ചിത്താഹ്ലാദമെനിക്കു തോഴരൊരഭി-
ജ്ഞാനോക്തി ചൊല്ലുന്നതിൽ
പ്രത്യേകം കലരുന്നു പോയ സുദിനം
പ്രത്യാഗമിക്കുന്നപോൽ

പ്രത്യക്ഷത്തിലുടൻ ഭവാനെയിഹ ഞാൻ
കാണുന്നു, വൻപ്രേമവും
എത്തീടു,ന്നഥവാ മനോമയമതാ-
നോർത്താൽ ജഗത്തും സഖേ.

ഓർക്കുന്നുണ്ടയി ഞാനുദൂഢകുതുകം
സല്ലാപമോരോന്നുര-
ച്ചാർക്കും നാമിരുപേരി,ലന്നതു സഖേ,
പോരാഞ്ഞുമാ രാത്രിയിൽ
വായ്ക്കും കാര്യവശാൽ വിഷാദമൊട്ടുടൻ
വേർപെട്ടൊരേ പ്രാണനീ
മൂക്കിന്മൂലമണഞ്ഞു രണ്ടുവഴിപോം-
പോലന്നു പാലംവഴി

തുഷ്ട്യാ നിങ്ങളെയും പിരിഞ്ഞു തുണയി-
ല്ലാതായിരുട്ടത്ത് ഞാൻ
വൃഷ്ട്യാ പിച്ഛിലമാം വഴിക്കു ബത ക-
ല്പാലത്തിലെത്തുംവരെ
കഷ്ടം! പോയിതു മുങ്ങിയും മുഴുകിയും
മിന്നാമിനുങ്ങുങ്ങൾതൻ
പൃഷ്ഠംതന്നെയിടയ്ക്കു തെല്ലൊരു വെളി-
ച്ചത്തിന്നു പാർത്തുള്ളൊ ഞാൻ.

പൊട്ടിന്നായതു പിന്നെയും പ്രിയസഖേ
പിറ്റേദ്ദിനം രാത്രിയിൽ
പേട്ടയ്ക്കായുമടുത്തനാളവിടവും
വിട്ടും പുറപ്പെട്ടു ഞാൻ
ഡാക്റ്റർ ശ്രീയുതനാകുമപ്പുരുഷര-
ത്നത്തോടുമിദ്ദിക്കിൽവ-
ന്നിട്ടഞ്ചാറുദിനം കഴിഞ്ഞുടനെയ-
ക്കാർഡും ഭവാനിട്ടു ഞാൻ.

പിന്നീടത്രയൊരാഴ്ച പോകുവതിനും-
മുൻപേറെയൻപേറുമെൻ
ധന്യോത്തംസമതാ 'മരിപ്പുറ'മെഴും
സ്വാമിപ്രസാദത്തിനാൽ
വന്നെത്തീ വലുതായിട്ടും കിമപി കാ-
ര്യാർത്ഥം മഠത്തിന്നു ഞാൻ
ചെന്നേതീരുവതെന്നു ശീഘ്രമിഹ വി-
ജ്ഞാപിക്കുമാജ്ഞാപനം

കണ്ടിട്ടായതു കേവലം ത്വരകൾക്കു-
ട്ടുമ്പോഴിടമ്പെട്ടുവ-
ന്നുണ്ടായി ജലദോഷവും ജ്വരവുമൊ-
ന്നല്പം മുഷിപ്പിച്ചു മാം;
ഉണ്ടിപ്പോൾ സുഖമായതിന്നു, മതിനാൽ

നാട്ടിന്നു പെട്ടെന്നു നി-
ഷ്ക്രണ്ണം മൽ ഗുരുപാദഗൗരവവശാൽ
വേഗേന പോകുന്നു ഞാൻ.

പത്രങ്ങൾക്കെഴുതാൻ പ്രയാസമിനിമേൽ
പക്ഷേ, ഭവിക്കാം സഖേ
തത്രാനേകമെനിക്കു സമ്പ്രതി വരാം
കൃത്യം സ്വകർത്തവ്യമായ്;
ചിത്താശംസ തഥാപിയുണ്ടതിനുമേ-
യെന്നാൽ തദർത്ഥം പുനർ-
വൃത്താന്തം സുകവേ, നമുക്കെഴുതിടാം
പിന്നീടുമന്യോന്യമായ്.

മറ്റൊന്നും പറയുന്നതിന്നവസരം
തൽക്കാലമില്ലോർക്ക മേ
മറ്റേന്നാളിവിടം വിടുന്നതിനു ഞാ-
നോർക്കുന്നി നീക്കംവിനാ;
മറ്റെല്ലാർക്കുമെനിക്കുമത്ര കുശലം-
തന്നാണു ദൈവേച്ഛയാ,
ചുറ്റും നാട്ടു നിറഞ്ഞുമിപ്പൊഴിവിടെ
പ്ലേഗുണ്ടു വേണ്ടുന്നപോൽ.

വിവേകാനന്ദാഭിധസ്വാമിതൻ വാക്-
പ്രവാഹത്തില്പെട്ടതാം കർമ്മയോഗം
കവേയിപ്പോൾ ഭാഷയാക്കുന്നതും ഞാൻ
തവേഷ്ടംപോൽ 'ചന്ദ്രിക'യ്ക്കായയയ്ക്കാം.
- 1900

**ഒരു മറുപടി**

അയി പ്രത്രികേ, മമ കൃതിക്കു നിന്നിലാ
നയശാലി പന്തളനരാധിപൻ പ്രിയേ
സ്വയമേവ ചെയ്തൊരു നിരൂപണത്തിനൾ-
പ്രിയമോടു നന്ദി പറയുന്നിതേറെ ഞാൻ.

വല്ലേടവും വ്യവഹിതാന്വയമക്കൃതിക്കു
ചൊല്ലാമിതാരുടെ കൃതിക്കുമിരിക്കുമാര്യേ,
വല്ലാതെ രണ്ടു പൊരുൾവച്ചതിലർത്ഥപൂർത്തി-
യില്ലെന്നുരയ്ക്കിലതു സാഹസമാണുതാനും.

എന്നാലേറെദിനങ്ങൾമിമ്പിളയകാ-
ലത്തന്നുമെത്തും രസാൽ
നന്നാകായ്കിലുമീവിധത്തിലതിനെ-
ബ്ഭാഷാന്തരംചെയ്തു ഞാൻ;
വന്നു വീഴ്ചകളച്ചിലും വിവിധമാ-
യെന്നോർക്കണം പത്രികേ
മന്ദിക്കാതെ മഹേശിതൻ കരുണയാൽ
നന്നാക്കണം മേൽക്കുമേൽ

ഇതി നീതാനധുനാ പോ-
യതിസരസേ തമ്പുരാനൊടറിവിക്ക
അതുമല്ലദ്ദേഹത്തിനു
നതിചെയ്തീടുന്നു ഞാനതുമുരയ്ക്കു.

## അഭിപ്രായ പദ്യങ്ങൾ

നഷ്ടപ്രായരതിശ്ചിരായ വിദൂഷാം
നാട്യപ്രബന്ധാദ്യതിർ-
ഗ്ഗുംഫോയം ഗുണമോഹനശ്ച സുഹൃദാ-
രബ്ധസ്തു കിം ബ്രൂമഹേ?
കാലശ്ചംക്രമതേ വിവൃദ്ധിമയതേ
പ്രജ്ഞാ രുചിർഭിദ്യതേ
യത്ന:സ്ഥാനകൃതോ നവായമഥവാ
സർവ്വസ്യ സർവ്വോ രസ:.

മുന്നിട്ടാൻ ഹന്ത മല്ലൂർക്കവി കഥകളിയിൽ
ഗാഥചെയ്യാനുമിപ്പോൾ
തന്നേ പ്രേരിക്കയാലോ പരനഥ തനിയേ
കൗതുകം വായ്ക്കയാലോ
അന്യന്മാരേ സ്വകാലാതിഗകവനകലാ0
ധാടിയാലോ ജയിച്ചാ-
നന്നത്തിൽക്കേളിയാടുന്നവളുടെ കരുണാ-
പാംഗസംഗത്തിനാലോ?

## ഒരു എഴുത്ത്

കല്പിക്കുന്നു വെളിച്ചമായിരുളുമെ-
ങ്ങാ സൗഖ്യമായ് ദുഃഖവും
നിഷ്പന്തരമായ് നടപ്പെവ്വിടെയി-
ന്നാരോഗ്യമായ് രോഗവും
അപ്പോൾപ്പെറ്റ ശിശിക്കരച്ചിലെവിടെ-
ജ്ജൂവോദയം ചൊൽവതാ-
യിപ്പാരിൽ സുമതേ! സുഖാനുഭവമു-
ണ്ടെന്നോ നിനയ്ക്കുന്നു നീ!

കാളും കാന്തിയിൽ നാകവും നരകവും
കൂടിക്കുഴമ്പായതാ-
ണീ ലോകം പുനരോർക്കിലീയതിരുവി-
ട്ടാർക്കും ഗമിക്കാവതോ?

കാലേ തങ്ങടെ കർമ്മമാം കയറിനാൽ
കണ്ഠം കുടുക്കീട്ടുതാൻ
മലേന്തുന്നടിമപ്രവൃത്തിയൊഴിയും
നാമെങ്ങു ചെന്നാലിനി?

യോഗം ഭോഗവുമാലയസ്ഥിതിയുമാ-
സ്സത്തായ സന്യാസവും,
ലോകേശൻപദഭക്തി, പൂജ, ധനമാർ
ജ്ജിക്കുന്ന മാർഗ്ഗങ്ങളും,
ത്യാഗം, നേർച്ചക,ളെന്നുവേണ്ട വലുതാം
തീവ്രവ്രതാദ്യങ്ങളും
ഹാ, കണ്ടേനിവയൊക്കെയേറ്റമവത-
ന്നുള്ളുട്ടുമൂടാടി ഞാൻ.

കാണുന്നില്ലൊരു ചെറ്റുസൗഖ്യമിവിടെ-
ക്കാനൽജലത്തെക്കൊതി-
ച്ചേണംപോലുഴലുന്നതാണു രസമോ-
ഹംതേടുമിജ്ജീവിതം

ഊനംവിട്ട ഗുണങ്ങളെത്രയൊരുവ-
ന്നുൾത്താരിൽ വർദ്ധിക്കുമോ
നൂനം ജീവിതമത്ര ദുസ്സഹവുമായ്-
ത്തീരുന്നു പാരിൽ സഖേ!

സ്വാർത്ഥപ്രീതി വെടിഞ്ഞു വിസ്തൃതമന-
സ്സാം ഭക്തനല്ലോ ഭവാ-
നോർത്താലങ്ങനെയുള്ളവർക്കിവിടെ വാ-
ഴാവതല്ല തെല്ലും സഖേ!
അത്യന്താഗ്രമിരുമ്പുകൂടമെതിരി-
ട്ടേറ്റുന്ന തല്ലാകവേ
പുത്തൻ ചാരുപളുങ്കുപാവയുടെമേ-
ലേൽക്കിൽ സഹിക്കാവതോ!

ഉള്ളത്തിൽക്കനിവൊട്ടുമെന്നിയതിനീ-
ചത്വത്തൊടും നല്ല തേൻ-
തുള്ളിക്കൊത്തു മതൃത്തെഴും മൊഴിയൊടും
നഞ്ചൊത്ത നെഞ്ചത്തൊടും
കള്ളംതന്നെ നിറഞ്ഞു നേരകലെയായ്
തന്നെബ്ഭരിപ്പാൻ സ്വയം
തള്ളിക്കേറുമൊരുത്തനാകിലിവിടെ-
സ്സൗഖ്യം നിനക്കും സഖേ!

നന്നായാഞ്ഞഥ ജീവിതം പണയമായ്
വച്ചും പഠിച്ചീടുവാ-
നിന്നേവംവിധമായിതെന്റെ സമയം
ഹാ! പാതിയും പോയിതേ
എന്നല്ലുൾപ്രിയമൂലമായിഹ സഖേ!-
യുന്മത്തനെപ്പോലെ ഞാൻ
ചെന്നോരോന്നു പിടിച്ചതൊക്കെ നിഴൽപോൽ
നിസ്സാരമായ് പോയിതോ.

കുറുള്ളോരുടെ കൂട്ടുവിട്ടഹഹ! ഞാൻ

കുറയ്ക്കരക്കെട്ടതിൽ
കീറക്കച്ചയുടുത്തു കണ്ട പടിതോ-
റ്റും പോയിരന്നു സഖേ!
തീരെ ക്ലേശമിയന്ന തീവ്രതരമാ-
യീടും വ്രതം നോറ്റുതാൻ
പാരം മേനിയലഞ്ഞു ഹാ! ഫലമെനി-
ക്കുണ്ടായതെന്തായതിൽ?

നന്നായിട്ടയി! കേൾക്കയെന്റെ ഹൃദയം
നിന്നോടുരയ്ക്കാം സഖേ!-
യിന്നെൻ സ്വാനുഭവത്തിൽനിന്നറിവതാ-
മീ സത്യമത്യുത്തമം
ഒന്നായോളമെടുത്തടിച്ചു ചുഴലി-
ക്കും ജീവിതൗഘത്തിലീ-
യൊന്നത്രേ കടവുള്ളൊരുത്തനു കട-
ന്നങ്ങേക്കരപ്പോകുവാൻ.

ഊഹിക്കിൽ പരിചര്യ തൻ വിധികളും,
പ്രാണൻ നിരോധിപ്പതും,
മോഹംതാൻ പരവിദ്യയും പ്രകൃതിവി-
ജ്ഞാനാദിശാസ്ത്രങ്ങളും
ആഹാ! മാനസവിഭ്രമങ്ങളിഹ സർ-
വ്വത്യാഗമത്യാഗവും,
സ്നേഹം 'സ്നേഹ'മിതൊന്നുതന്നെ സകലം
പാർത്താൽ പദാർത്ഥം സഖേ!

ജീവൻ, ബ്രഹ്മവു,മീ ജഗത്തിലഖിലേ-
ശൻ മർത്ത്യനും പിന്നെയി-
ന്നേവം പ്രേതപിശാചവർഗ്ഗവു,മഹോ!
വേതാളഭൂതങ്ങളും,
ദേവന്മാർ, പശുപക്ഷിജാതി, കൃമികീ-
ടംതൊട്ട സൃഷ്ടങ്ങളും
താവുന്നുണ്ടു വെടിഞ്ഞിടാതെ ദൃഢമാ-

യിസ്സേഹമുൾത്താരതിൽ.

വേറാരോതുകയിന്നു ദേവനിരകൾ-
ക്കും ദേവനാകുന്നതോ?
നേരായോർക്കുകിലാരു സർവ്വവുമിള-
ക്കിക്കൊണ്ടുനിൽക്കുന്നതോ?
ഓരുമ്പോൾ, ശിശുവിന്നുവേണ്ടിയൊരു മാ-
താവോ മരിക്കുന്നതും
ചോരൻ കൊള്ളയിടുന്നതും സകലവും
സ്സേഹംനിമിത്തം സഖേ!

വാക്കിന്നും ഹൃദയത്തിനും വിഷയമാ-
കാതപ്പുറത്തായ് സദാ
പാർക്കുന്നായതു ഹന്ത! ഭൂരിസുഖമാ-
യോ ദുഃഖമായോ സഖേ!
ഓർക്കുമ്പോളതുതാൻ ഭയങ്കരി ജഗ-
ത്സംഹർത്രിയാം ദുർഗ്ഗയും
വാഴ്കും മോഹനരൂപമാർന്നു വരുമാ
ലോകൈകമാതാവതും

രോഗം, ബന്ധുജനം മരിച്ച വിരഹം,
ദാരിദ്ര്യഭാരം, ഗുണോ-
ദ്രേകം ദോഷവുമിന്നു കർമ്മഫലമാ-
കും നല്ലതും തീയതും
ആകെക്കാൺകിലിതൊക്കെവേയതിനെഴു-
ന്നാരാധനംതാൻ സഖേ!
ലോകത്തിൽപ്പുനരിന്നു ജീവകൃതിയാ-
യെന്തുള്ളു ചിന്തിക്കുകിൽ?

മായാമോഹമതാണു കേണു സുഖമ-
ന്വേഷിച്ചു പോകുന്നതും
പേയാണോർക്കുകിലിന്നു കേവലമതാം
ദുഃഖം കൊതിക്കുന്നതും

ആയാസാൽ മൃതിയാഗ്രഹിക്കിൽ വലുതാ-
മുന്മാദമാണായതും
മായത്തുള്ളൊരു നിത്യജീവിതമനോ-
മിഥ്യാഭിലാഷം സഖേ!

പാരം വേഗമെഴും മനോരഥമതിൽ-
പ്പാരാതെയേറിബ്ഭുവാൻ
ദൂരം ദൂരമതായ് നടന്നിഹ കട-
ന്നെങ്ങെങ്ങു പോയീടിലും
ചാരത്തുള്ളതുപോലെതന്നയി സഖേ!-
യീ ലോകമാകും മഹാ
പാരാവാരവുമീ സുഖാസുഖമതായ്-
ത്തല്ലുന്ന കല്ലോലവും!

കേട്ടോ ഹേ! ചിറകറ്റു വീണ ഖഗമേ!
ചൊല്ലുന്നു ഞാൻ സംഭ്രമം
കാട്ടീടായ്കയിതൊക്കെയോർക്കിലിഹ ര-
ക്ഷയ്ക്കുള്ള പോക്കല്ലെടോ.
പെട്ടെന്നേവമടീക്കടിക്കടിപെട്ടു-
ന്നയ്യോ! പതുങ്ങുന്നു തേ!
കഷ്ടം! പിന്നെയുമെന്തിനിങ്ങനെയസാ-
ദ്ധ്യത്തിൽ ശ്രമിക്കുന്നു നീ?

പാട്ടിൽ ജ്ഞാനവു,മർച്ചനാസ്തുതികളും
ഹാ! ശക്തിയും സർവ്വവും
പോട്ടേ, തന്നെ മറന്നുനിന്നു വിലസു-
ന്നാ സ്നേഹമൊന്നില്ലയോ
വാട്ടംവിട്ടതുതന്നെയേകശരണം-
നമ്മൾക്കു പാഠത്തിനായ്
കാട്ടുന്നുണ്ടതിതാ പ്രദീപശിഖയെ-
പ്പുല്കും പതംഗം സഖേ!

നീചപ്രാണിയിതിന്നതിന്നഴകു ക-

ണ്ടാശിച്ചഹോ കണ്ണതിൽ-
ക്കാചംപറ്റി,യകം കവിഞ്ഞു വഴിയും
സ്നേഹത്തിലുന്മത്തമായ്
ഹാ! ചാരായമെടുത്തപോലതുഴറി?
ഹേ ഭക്തരേ, നിങ്ങൾ സ-
ങ്കോചിക്കേണ്ടയഹന്തയാം ഹൃദയപ-
ങ്കം ചുട്ടുപൊട്ടിക്കുവിൻ!

ചൊല്ലൂ സൗഖ്യമൊരിക്കലെങ്കിലുമിര-
പ്പാളിക്കുദിക്കുന്നുവോ-
യില്ലല്ലോ പുനരെന്തിനന്യരൊടു നാം
യാചിച്ചിടുന്നു വൃഥാ
എല്ലാം നല്കുക,യെന്നുമല്ല, ഫലമി-
ച്ഛിക്കതതിന്നും സഖേ!
ചൊല്ലേറും ധനമെങ്കിലൊന്നു ഹൃദയേ
വേണ്ടോളമുണ്ടായ്‌വരും.

അല്ലേ! നൂന,മഖണ്ഡനായ വിഭുവിൻ
ദായദനല്ലേ ഭവാ-
ന്നില്ലേ സ്നേഹമതായ വൻകടലുമി-
ന്നുൾക്കാമ്പിലുൽക്കുലമായ്
എല്ലാം 'നല്കുക! നല്കുകാ'തു ഫലമി-
ച്ഛിക്കുന്നവന്നുള്ളിലാ
നല്ലോരാഴി നശിച്ചു തുള്ളി ജലമായ്
ശേഷിച്ചുപോകും സഖേ!

ബ്രഹ്മംതൊട്ടണുജീവിയല്ല പരമാ-
ണുക്കൾക്കുമുൾക്കാമ്പതിൽ-
ച്ചെമ്മേ നില്പതഖണ്ഡമായ് വിലസിടു-
ന്നാ സ്നേഹമല്ലോ സഖേ!
അമ്മാഹാത്മ്യമതോർത്തു നീയതുകൾതൻ
പാദാരവിന്ദങ്ങളിൽ
സമ്മോദേന സമർച്ചചെയ്ക മനതാ-

ത്തും ദേഹിയും ദേഹവും

പാരിൽക്കാണ്മതശേഷമോർക്ക പരമേ-
ശൻതന്റെയാകാരമാ-
ണോരുമ്പോളവനെത്തിരിഞ്ഞെവിടെയ-
ന്വേഷിച്ചു പോകുന്നു നീ
ആരിക്കണ്ട ചരാചരത്തെയഖിലം
സ്നേഹിച്ചിടുന്നൂ സഖേ!-
യാരായാലുമവൻ മഹേശനെയുപാ-
സിക്കുന്നു തർക്കംവിനാ!

- 1903

## ഒരു അനുമോദനം

പൂവേ സൗരഭമുള്ളനാൾ ഭുവനമാ-
ന്യം നീ, പുരാരാമമ-
ല്ലാവാസം, സ്വയമിന്നദിഷ്ടകൃതമാ-
യീടുന്ന കാടെങ്കിലും,
ഭ്രുവിൽത്താണേറിയാത്ത ഗർഭമതിലുണ്ടാം
ഹീരമേ, സ്വൈര്യമായ്
മേവാമത്രേ കരേറി നീ മഹിതമാം
കോടീരകോടീതടം.

എന്നല്ലുജ്ജ്വലമായ് നഭസ്സിൽ വിലസും
നക്ഷത്രമേയത്രനി-
ന്നെന്നും മഞ്ഞു മറച്ചിടാ, മുകിലുമെന്നും
നിന്നെ മൂടാ ദൃഢം
മന്നിൽ ത്വദ്ഗുണമെന്നുമോരുവതി-
നാളില്ലെന്നതും വന്നിടാ-
മിന്നും കാന്തി നിനക്കു നൽകിയ വിധാതാ
മൂർഖനല്ലോർക്ക നീ.

ഉദ്യത്താം പുഴയെങ്ങുദിച്ചുദധിയെ-
ങ്ങിന്നെത്ര സുസ്ഥൈര്യമാർ-
ന്നുദ്യോഗിച്ചിഹ ഗണ്ഡശൈലനിരയാ
സ്രോതസ്സെ രോധിപ്പതും
എത്തീടേണ്ടവയെത്തിടേണ്ട ദിശി ചെ-
ന്നെത്തും തടുത്തിന്നൊരാൾ
നിർത്തീടാൻ കരുതേണ്ടഹോ! നീയതിത-
ന്നുദ്ദേശ്യമുദ്ദാമമാം.

അന്യോൽക്കർഷവിരക്തരാത്മസുഖമ-

റ്റൈശ്വര്യമറ്റന്ധരായ്-
ത്തന്നെത്താനെരിയുന്ന കത്തിയൊരസൂയാ-
വഹ്നിതന്നിൽ സദാ
അന്യൂനം പറയാം മനുഷ്യരിൽ ദുരീർഷ്യാ
മുക്തരാരാകിലും
ധന്യന്മാരവർ; സത്യമോതി ഭഗവാൻ
ബുദ്ധൻ വിവൃദ്ധാശയൻ

ഉൽക്കർഷത്തിനു ജാതിജാതിയൊടിട-
ഞ്ഞോരാതെ പോരാടിയോ
നിഷ്കാര്യം സമുദായമാഞ്ഞു സമുദാ-
യത്തോടെതിർത്തോ സ്വയം
ഒക്കെപ്പാടെ വരും ജയാപജയമെല്ലാം
കണ്ടുകൊണ്ടത്രമേൽ
നിൽക്കുന്നുണ്ടൊരു കൈ! സമീകരണസ-
ന്നാഹത്തൊടൂഹിക്കുകിൽ.

പൊങ്ങും താണതു, പൊങ്ങിനിന്നതതുപോൽ
താഴും; വിളങ്ങുന്ന പൂ-
മങ്ങിപ്പോമിഹ നാളെ നൂനമഥവാ-
യിന്നല്ലയെന്നാകിലും,
എങ്ങും ഭംഗമെഴാതെയീ നിയമമാം
ചക്രം ചലിക്കുന്നതിൽ
ത്തങ്ങീടുന്നഖിലം, തദാശ്രയഫലം
നൽകുന്നു യത്നങ്ങളും.

കിട്ടാഞ്ഞു ഗുണതുല്യവൃത്തി നിജരാജ്യം
വിട്ടു നഷ്ടാശനായ്
ബ്രിട്ടീഷാശ്രയമെന്നു പോയ് വിദിതനാം
പി. വേലു, ബി. ഏ. ഭവാൻ
സ്പഷ്ടം ഭാരത ചക്രവർത്തി പരിതോ-
ഷിച്ചു ലഭിച്ചീപ്സിതം
ദിഷ്ടത്താലതുമല്ല 'റാവുബഹദൂ'രെ-

ന്നായ് ഭവന്നാമവും.

ആരോർത്തീ ഗതമായ കൊള്ളിയതിവർ-
ത്തിക്കും വിളക്കാകുമെ-
ന്നാരീ വിസ്തൃതമായ വിത്തു മരമായ്
വായ്ക്കുന്നവെന്നോർത്തതും?
പാരം വിസ്മയവും കുതൂഹലവുമു-
ണ്ടാകുന്നിതാനന്ദവും
ധീരാത്മൻ, സ്വയമോർത്തു ലോകഗതിയിൽ-
ത്തോന്നുന്ന വിശ്വാസവും.

യോഗ്യൻ യുക്തപദം ഭവാനിതഥവാ
പ്രാപിച്ചതാശ്ചര്യമ-
ല്ലോർക്കുന്നുണ്ടധികോന്നതിക്കുമധികം-
പേർ പാത്രമാവാമതും
ഭാഗ്യത്തെപ്പുകഴുന്നതിൽ പ്രഥയുമ-
ല്ലുണ്ടന്യധന്യത്വമീ
വാഗ്ബന്ധത്തിനു പിന്നെ-ലോകമറിയു-
ന്നുണ്ടായതോതാതെയും

പോകട്ടായതു ഭൂരിമോദമിയലു-
ന്നൊന്നല്ല രണ്ടല്ലതാൻ
ഈ കാണും ഭവദീയർതൻ ഹൃദയമി-
നീരേഴുനൂറായിരം
ആകക്കണ്ടു കൃതാർത്ഥനാകുക, ഭവാൻ
മാഹാത്മ്യമാത്മീയമാം
ലോകത്തിന്നെഴുമേവനാൽ, ഗുണനിധേ!-
യിന്നാപ്പുമാനേ പൂമാൻ

പ്രീതിക്കായ് സുമതേ, ഭവാനെ വെറുതേ
വർണ്ണിക്കയോയല്ല ഞാൻ
ജാതിസ്നേഹനിമിത്തമാം ജളതയാൽ
കെല്പാർന്നു ജല്പിക്കയോ

ചേതസ്സിങ്കൽ യുവാക്കളീ ചരിതമൊ-
ന്നക്ലിഷ്ടദൃഷ്ടാന്തമായ്
വേദിക്കും സ്ഥിരയത്നനിഷ്ഠയതിനും
വിദ്യോദ്യമത്തിന്നുമേ.

ഹാ! വാഴേണ്ടിയിരുന്നയേ വിദിതവൃ-
ത്താന്തൻ ഭവത്താതനി-
ന്നാ വിദ്യാപ്രണയിക്കെഴും രസവുമാർ-
ക്കെത്തും കൃതാർത്ഥത്വവും
ഭ്രുവിൽ ധീഗതിപോലെയോ പിണയുമാ-
ശാതത്തുവെപ്പോലെയോ
ജീവൻ നീളുവതില്ല മർത്ത്യനയി, കഷ്ടം!
പോട്ടെ ദൈവേഷ്ടമാം.

ഈ മന്നിൽപ്പരിപൂർത്തിയില്ല വിഭവ-
ങ്ങൾക്കൊന്നുമെന്നാകിലും
ഹേ മാന്യാശയ, നിങ്ങൾ ഭാഗ്യനിധിയാ-
ണീവൃത്തമോർത്തിപ്പൊഴും.
സാമോദം കലരുന്നു തേ സ്ഥവിരയാം
മാതാ സമുദ്ബുദ്ധമാം
ഹേമന്താംബുജമൊത്ത വക്ത്രമതിലാ-
യാനന്ദമന്ദസ്മിതം.

ചൊൽക്കൊള്ളുന്ന പദങ്ങളും മഹിമയും
മേന്മേലുമേലും ഭവാ-
നുൽക്കർഷത്തിനു ദേഹികൾക്കവധിയിൽ-
ല്ലത്രേ തനുത്യാഗവും
ഉൽക്കാമ്പിൽ ജഗദീശഭക്തിയൊടുമ-
ങ്ങാരോഗ്യമോടും ചിരം
വിഖ്യാതത്വമിയന്നു വാഴ്ക സമുദാ-
യത്തേയുമോർത്തീടുക.
- 1906

## ഉദിക്കുന്ന നക്ഷത്രം

പൂമൊട്ടിൻ പുടഭേദമൊത്തു വിരവിൽ
പൂർവ്വാന്തരീക്ഷത്തിലി-
ന്നോമൽത്തുങ്കിരണങ്ങൾ നീട്ടിയുദയം
ചെയ്യുന്ന നക്ഷത്രമേ,
ക്ഷേമം വാഴ്ക നിനക്കിരുട്ടിലുഴറി
ക്ഷീണിച്ച ഞങ്ങൾക്കഹോ
ശ്രീമത്തായ വെളിച്ചമാണു വഴികാ-
ട്ടീടുന്ന കൈയാണ് നീ

ഭംഗം വിട്ടയി നീ നിയാമകമണേ,
പൊങ്ങി ദ്രുതം വിണ്ണുതൻ
ശൃംഗം പുക്കവിടെച്ചിരം ദ്യുതി ചൊരി-
ഞ്ഞീടുന്ന കോടീരമായ്
മംഗല്യാവലിയാർന്നു വാഴ്ക തലമേൽ
നീ നിന്നു തൂവുന്നൊര-
ത്തുംഗാഭിഖ്യകളാരചിക്ക കനകോ-
ഷ്ണീഷങ്ങൾ ഞങ്ങൾക്കുമേ.

### സ്വാമിതിരുനാൾ മംഗളം

ശ്രീനമ്മൾക്കനിശം ശിവൻ വിതരണം-
ചെയ്യട്ടെ ചിന്തിപ്പവർ-
ക്കാനന്ദാകരനാത്മകർമ്മസഖനായ്
നിൽക്കും ജഗൽക്കാരണൻ
ഊനംവിട്ടിതുമല്ലനുഗ്രഹമലി-
ഞ്ഞേകട്ടെ യോഗീന്ദ്രനാം
'ശ്രീനാരായനധർമ്മപാലന'സഭാ-
ദ്ധ്യക്ഷൻ ജനക്ഷേമദൻ
- നവംബർ 1906

പാരം പ്രമോദകരജന്മദിനോത്സവത്തിൻ
പാരത്തിലെത്തിയിഹ ഞങ്ങളഹോ മഹേശ!
ഈരാറുവർഷദശകം സസുഖം ജയിക്ക
നാരായണാഖ്യഗുരുവിമ്മഹിമേൽ മഹാത്മാ!

മന്നും ചരാചരവുമംബരവും ചമച്ച
മിന്നും കരാംബുജമെഴുന്ന മഹാകൃപാബ്ധേ!
നിന്നെജ്ജഗന്മയ, തിരഞ്ഞറിയാ ബുധന്മാർ
പിന്നെബ്ഭജിച്ചിടുവതെങ്ങനെ പാമരന്മാർ!

എന്നാകിലും മലരിൽ മക്ഷികപോൽ ഭവാനിൽ
വന്നാശ്വസിപ്പതിനെഴും തൃഷ മർത്ത്യനോർത്താൽ
എന്നാൽ ജഗദ്ഭ്രമമകന്നിഹ ദേവ നിൻകാ-
ലൊന്നാശ്രയിപ്പവരെയാരു നമസ്കരിക്കാ!

സ്വാമിൻ, സ്വയം സ്വമതസംസ്കരണത്തിനായു-
മീമന്ദഭാഗ്യരുടെയുദ്ധരണത്തിനായും
ഭീമം മഹാവ്രതമെശുത്ത ഭവാന്റെ യോഗ-
ക്ഷേമം നടത്തുമിഹ ശാശ്വതനീശ്വരൻതാൻ

ആരന്ധകാരനിരനീക്കി നമുക്കു ബോധ-
മാരബ്ധമാവതിനു പൊങ്ങിയഹസ്കരൻപോൽ

ആരാൽ പവിത്രയിഹ ഭൂമി മഹാമഹാനാ
നാരായണാഖ്യാഗുരു വാഴ്ക വാഴ്കെന്നും.
- സെപ്തംബർ 1918

വ്യാജം വിട്ടു നടക്കുമീഴവനഭോ-
ജ്യോതിസ്സംകൾക്കൊക്കെ ന-
ല്ലോജിസ്സേകിയുദീർണ്ണകാന്തിയൊടെഴും
മത്സ്വാമി ചിത്സാരഥി
ഈ ജന്മർക്ഷമഹം കഴിഞ്ഞു സുഖമാ-
യിന്നും ചിരം വാഴുവാൻ
തേജസ്സേറിയെഴും ത്രയീനിലയമാം
ധാമത്തെ നിത്യം തൊഴാം!
- ജൂൺ 1917

കാറാകെപ്പോയുറഞ്ഞു കളധവളപട-
ശ്രീമുകിൽപ്പൂവിതാനം
കേറാറായീ നഭസ്സിൽ, ധരയിൽ നവകലാ-
മന്ദിരഖ്യാതി തിങ്ങി
കൂറാർന്നദ്വൈതരമ്യാശ്രമഗഗനലസ-
ച്ചന്ദ്രനെൻ സ്വാമി മേലും
നൂറാവർത്തിച്ചു രാജിക്കുക നുതികൾപെടും
ജന്മനാൾ വെണ്മയോടും!
- ആഗസ്ത് 1916

ഇണ്ടൽപ്പെട്ടീടുമാറായുഴറിയസിതപ-
ക്ഷം ഗമിക്കാതെ ചീത്ത-
ക്കൊണ്ടൽക്കൂട്ടങ്ങൾ പൊങ്ങിക്കയറിയൊളിമറ-
യ്ക്കാതെ വിഖ്യാതിയോടെ
കണ്ടാനന്ദോർമ്മി കണ്ണിന്നനിശമുതിരുമാ-
റായ് വിളങ്ങട്ടെ ലോകം
കൊണ്ടാടും സ്വാമിയസ്മൽക്കുലജലനിധിയെ-

പ്പൊക്കി നിൽക്കും സുധാംശു

വ്രതിമാർ കരയിൽ ജപിക്കവേ
സതിമാർ നിർമ്മലനീരിൽ നീന്തവേ
അതിദുർല്ലഭഹംസമേ! ചിരം
ക്ഷിതിപത്മാകരമാർന്നിരിക്ക നീ
- സെപ്തംബർ 1922

ലോകാനന്ദദനായ് ജഡപ്രകൃതിയെ
ജ്ജ്ജത്യന്ധമാക്കിത്തമ-
സ്സാകാശത്തു പരത്തിടും ചിറകിനെ-
ച്ഛേദിച്ച ഖേദംവിനാ
ശ്രീകാളും ഛവി ളുവിയങ്ങു ചതയ-
ത്തോടൊത്തു ചിങ്ങം പെറും
രാകാചന്ദ്ര ജയിക്ക രാവു പകലായ്
മാറുന്ന കാലംവരെ!
- 1928

## ഗുരു

(ശ്രീനാരായണഗുരുസ്വാമിയുടെ ഷഷ്ടിപൂർത്തിക്ക് എഴുതിയത്)

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ പരദൈവം;
ആരാദ്ധ്യനതോർത്തിടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ, ഗുരു നാരായണമൂർത്തേ.

അമ്പാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വമ്പാകെവെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുമ്പായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിമ്പാവനപാദം ഗുരു നാരായണമൂർത്തേ.

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ;
സന്യാസികളില്ലിങ്ങനെ യില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ.

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദാരികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ.

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ;
ആഹാ ബഹുലക്ഷം ജനമങ്ങേത്തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ.

അങ്ങേത്തിരുവുള്ളൂറിയൊരമ്പിൽ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ "യോഗം."
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻ പുകൾപോൽ ശ്രീഗുരുമൂർത്തേ.

തമ്പോലെയുറുമ്പാദിയെയും പാർത്തിടുമങ്ങേ-
ക്കമ്പോടുലകർത്ഥിപ്പൂ ചിരായുസ്സു ദയാബ്ധേ
മുമ്പോൽ സുഖമായ് മേന്മതൊട്ടുന്നോർക്കരുളും കാൽ
തുമ്പോടിനിയും വാഴ്ക ശതാബ്ദം ഗുരുമൂർത്തേ.

## സ്വാമിതിരുനാൾ വഞ്ചിപ്പാട്ട്

വരുവിൻ സഹോദരരെ! വരുവിനിന്നു നാമെല്ലാം
ഒരുകൊല്ലം കാത്ത സ്വാമിതിരുനാളല്ലൊ!

പരം നമ്മെയുയർത്തുവാൻ പരമപുരുഷൻ സ്വാമി
തിരുവവതാരംചെയ്ത സുദിനമല്ലൊ!

കാർമുകിലിൻ കാലമിതാ കഴിഞ്ഞംബരം തെളിഞ്ഞു
താർമകൾതൻ നൃത്തമായി ധരയിലെങ്ങും

ഉമയോടു വിളങ്ങുന്ന തരുക്കൾ തൃണങ്ങൾപോലും
കോമളദലങ്ങളാർന്നും കുസുമമാർന്നും

പറക്കുന്നു പൂമ്പാറ്റകൾ പരമാനന്ദമായെങ്ങും
നിറയ്ക്കുന്നിളംകാറ്റു പൂമ്പരിമളങ്ങൾ

കഴിഞ്ഞു കൊയിത്തു വയലൊഴിഞ്ഞു ധാന്യങ്ങൾ തിങ്ങി
വഴിഞ്ഞു ഗൃഹങ്ങൾ വെറും സുഭിക്ഷമായി

പെരുത്ത ഘോഷമെന്നാരും പറയാതറിയാം രാഗം
പർത്തുന്നൂഞ്ഞാലിലാടി പികവാണിമാർ

തരത്തിലോണക്കോടികൾ ധരിച്ചു കളിയുമായി
ദരിദ്രരും ധനികരും ദളിതഖേദം

തിരുവോണ,മവിട്ടവും തരസാ കഴിഞ്ഞുവല്ലോ
സരസമിന്നു സ്വാമിതൻ തിരുനാളല്ലൊ

വരുമാറില്ലഹോ! കാൺക! വിഗതോത്സവമാം നാളി-
ലൊരുകാലത്തും സ്വാമിതൻ തിരുനക്ഷത്രം

ശരി; ജനക്ഷേമാർത്ഥമായ് ധരയിലവതരിക്കും
പുരുഷന്റെ പുണ്യദിനമിതുപോൽ വേണം

സമസ്തസദ്ഗുണങ്ങൾക്കും സമഗ്രനിലയൻ ധീരാ-
നമർത്ത്യഗുരുസമാനനതിതേജസ്വി

നമുക്കഭ്യുദയം നല്കം ഗുരുവായ് ദൈവമയച്ച
നമസ്കരണീയൻ സ്വാമി ജയിച്ചീടുന്നു

മതബോധവും വിദ്യയും പരത്തുന്നു നമ്മൾക്കഭി-
മതമാമാചാരം സ്വാമിയരുളീടുന്നു

സതതം നമ്മുടെ ഭാവിഗതമാം ഗുണത്തെയോർത്തു
വിതത്യോദ്യമനായ് സ്വാമി വസിച്ചീടുന്നു

പാരം നിഗമങ്ങളുടെ പാരഗത്വംകൊണ്ടും നിത്യ-
ചാരുചര്യകൊണ്ടും ശുദ്ധതപസ്സുകൊണ്ടും

കേരളത്തിലെന്നുമല്ല പുറത്തും പവിത്രമായ
പേരെടുത്തിന്നിതുപോലെ പുരുഷനുണ്ടോ?

അരിയബാല്യംമുതൽക്കെ പരമഭാഗവതനായ്
ചിരതരം മുൻപാർജ്ജിച്ച പുരുപുണ്യത്താൽ

ചരിതക്രിയായോഗങ്ങൾ ചതുരശ്രദ്ധീമൻ സ്വാമി
പരിചിൽക്കടന്നു ജ്ഞാനിപദവി നേടി

പരമഹംസനീവണ്ണം മരുവുന്നു ലൗകികൻപോൽ
പരമഭാഗ്യമിതന്നേ പറയേണ്ടു നാം

സ്തുതിയും പഴിയും,മുപകൃതിയും ദ്രോഹവും സ്വർണ്ണ-
തതിയും ലോഷ്ടവും സ്വാമിക്കൊരുപോലെതാൻ

മതിയിലെന്നാലും ലോകഗതിയോർത്തു സ്വാമി കാട്ടു-
മതിശയനയം കണ്ടാൽ മതിയാകുമോ.

പരമാത്മവിദ്യയുടെ പരമാവധി കണ്ടോരീ-
ധരണിയിൽ സ്വാമിയെപ്പോലൊരുവരില്ല.

പരിഹിതബുദ്ധിയെന്നി! പരകാര്യം സ്വാമിക്കില്ല
തിരകിലും സ്വാർത്ഥമില്ല തരിമ്പുപോലും

ഒരുപോലെ തന്നെയുമൊരുറുമ്പെയും കനിഞ്ഞുള്ളിൽ
കരുതുന്ന സ്വാമി ജന്തുകരുണാനിധി

സാരമോർക്കിലഹിംസരിൽ സുഗതനോ, ബ്രഹ്മചര്യ-
പാരഗരാം യതികളിൽ ശുകബ്രഹ്മനോ

നാരായണഗുരുസ്വാമി വ്രതനിഷ്ഠരിൽ പുരാണ-
നാരായണമുനിതാനോ? ഞാനറിഞ്ഞില്ല.

സമസ്തസത്വികഗുണനിവണ്ണം വാഴുന്നിതസ്മൽ-
സമക്ഷം നമ്മുടെ സ്വാമി! സുകൃതീമണി!

നമിക്കുവിൻ സഹജരേ, നിയതമീ ഗുരുപാദം
നമുക്കിതില്പരം ദൈവം നിനയ്ക്കിലുണ്ടോ?

ഗുരുവര്യനിതുപോലെ ലഭിക്കുമോ? കുലത്തിന്നു
ഗുരുഭക്തിയില്ലാതാർക്കും കുശലമാമോ?

“ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു: ഗുരുദേവൻ മഹേശ്വരൻ
ഗുരുസ്സാക്ഷാൽ പരബ്രഹ്മം” ശ്രുതിസമ്മതം

അൻപൊത്തഖിലേശകൃപാസമ്പത്തുകൊണ്ടിന്നു സ്വാമി-
ക്കൻപത്തിനാലായി തിരുവയസ്സീവിധം

ഇമ്പത്തോടവിടന്നിന്നുമമ്പത്തുനാലാണ്ടു ഭാഗ്യ-
ക്കൊമ്പത്തു നാം കരേറുമാറിരുന്നീടട്ടെ.

നയിക്ക നലമിയന്ന ദിവസങ്ങൾ സുഖം സ്വാമി
ദയയ്ക്കധീനനായ് വാഴ്ക നമുക്കീശ്വരൻ!

ജയിക്ക! ജയിക്ക! സ്വാമി! ജയിക്ക നമ്മുടെ ഭാഗ്യ-
ജയക്കൊടിയായ സ്വാമി ജയിക്ക നിത്യം!
- ജൂലൈ 1910

## ഗുരുപാദദശകം

പ്രീതിക്കാളാകിലോരാതഖിലമഹിമയും
ഭൂതിയും നല്കമേതോ
ചൈതന്യംപൂണ്ടുമപ്രീതിയിലപജയമു-
ണ്ടാക്കിയും നില്ക്കയാലോ
ഏതിന്നും മൂലമല്ലോഗുരുകൃപയതിനാൽ
ഭുക്തിയും മുക്തിയും മേൽ
സാധിപ്പാനോർത്തു നാരായണഗുരുചരണം
സന്തതം ഞാൻ തൊഴുന്നേൻ!

ലോകേശൻ സൃഷ്ടിചെയ്യുന്നിഹ മുഹുരപി മാം
രക്ഷചെയ്യുന്നു വിഷ്ണു
ശ്രീകണ്ഠൻ സംഹരിക്കുന്നിവർ മമ ചിരസം-
സാരഹേതുക്കളല്ലോ,
ശോകംചേർക്കുന്ന ജന്മാക്ഷയരുജകളശേഷം
കെടുക്കും കടാക്ഷം
തൂകും തുല്യംവെടിഞ്ഞുള്ളൊരു ഗുരുചരണം
സന്തതം ഞാൻ തൊഴുന്നേൻ!

മാതാവെപ്പോൽ മനസ്സിൽക്കരുണ, ജനകനെ-
പ്പോലവേ ക്ഷേമചിന്താ,
ഭ്രാതാവെപ്പോലെയേത്തുന്നിതു ഹൃദിസഹജ-
സ്നേഹവും മോഹമെന്യേ,
വേദത്തെപ്പോലെയോതുന്നറിവു, നൃപതിയെ-
പ്പോലെ പാലിച്ചിടുന്നി-
ന്നേതല്ലോർത്താലെനിക്കെൻ ഗുരുപദമതിനെ-
സ്സന്തതം ഞാൻ തൊഴുന്നേൻ.

തിണ്ണെന്നർത്ഥിക്കുമർത്ഥം ത്രിദശഗണമതി-
ന്നേകുവാൻ തക്കവണ്ണം
വിണ്ണോർനാട്ടിൻ തരുക്കൾക്കൊരു വിരുതെഴുമെ-
ന്നീവിധം കേൾവിയല്ലേ
മണ്ണിൽത്താൻ ഭുക്തിയും മുക്തിയുമരുളിടുമ-

ബ്ഭൂരിമാഹാത്മ്യമേലും
കണ്ണിൻ കോണാർന്നു കാണും ഗുരുപദകമലം
സന്തതം ഞാൻ തൊഴുന്നേൻ.

ധീമാന്നാചാരലോപം സുഭഗദൃഢശരീ-
രന്നു കാമാപവാദം
ശ്രീമാനിൽ ശ്രീമദം ശിക്ഷിതനിലതനുദുർ-
വാരവൈദുഷ്യഗർവ്വം
ഈമട്ടോതുന്ന ദോഷം ചെറുതിഹ നിരാ-
ലംബമാക്കുന്നു പാർക്കിൽ
ഭ്രമാനെൻ ദേശികേന്ദ്രൻ പുനരിവയെ നിന-
ച്ചൻപിൽ ഞാൻ കുമ്പിടുന്നേൻ.

ആചാരംകാട്ടിയന്തർഗ്ഗതമപരമതാം
ധൂർത്തരുണ്ടാമസംഖ്യം
വാചാ ജ്ഞാനങ്ങൾ ഘോഷിച്ചിടുവൊരു വികടാ-
ത്മാക്കളും വേണ്ടതുണ്ടാം
വൈചക്ഷണ്യം വിശുദ്ധാചരനവിശദധീ-
വൃത്തിയിത്യാദിയേലു-
ന്നാചാര്യൻ ദുർല്ലഭം മദ്ഗുരുസമനിദമോർ-
ത്തൻപൊടും കുമ്പിടുന്നേൻ.

വേറല്ലോ വക്ത്രശോഭാ മമ ഗുരുവിനു വേ-
റിന്നു മന്ദസ്മിതാഭാ-
വേറാകാരങ്ങൾ വേറാസ്ഥിതിഗതിധൃതിഗാം-
ഭീര്യാമൗദാര്യമെല്ലാം
വേറത്രേ ശിഷ്യവാത്സല്യവുമിവയെ വിശേ-
ഷിച്ചു ചിന്തിച്ചു മോദാൽ
കൂറാർന്നുള്ളത്തിലേന്തിഗ്ഗുരുപദയുഗളം
സന്തതം ഞാൻ തൊഴുന്നേൻ.

വിദ്വാൻ വിദ്വജ്ജനങ്ങൾക്കലസനലസരാ-
യോർക്കുംഅജ്ഞർക്കുമജ്ഞൻ

വൃദ്ധന്മാർക്കൊക്കെ വൃദ്ധൻ മഹൃവിലസിതമായ്
ഹന്ത ബാലർക്കു ബാലൻ
സദ്യോഗീന്ദ്രർക്കു യോഗീശ്വരനഥ സകല-
ജ്ഞാനിനാം ജ്ഞാനിവര്യൻ
സിദ്ധിച്ചല്ലോയെനിക്കിങ്ങനെ ഗുരുവരനെ-
ന്നൻപിൽ ഞാൻ കുമ്പിടുന്നേൻ.

ചെന്താർ മങ്ങും മുഖം ചേതന നയനയുഗം
ചാരുനെറ്റിത്തടം നൽ-
പ്പൊന്താരിൻകാന്തി പൊങ്ങും പ്രഭയൊടു പുരുരോ-
മാളിയാളുന്ന പൂമെയ്
ചന്തത്തിൽ ജാനുവോളം വരുമരിയ കരാ-
ബ്ജങ്ങളും തുംഗഭക്ത്യാ
ചിന്തിച്ചുള്ളത്തിലേന്തിഗ്ഗുരുചരനയുഗം
സന്തതം ഞാൻ തൊഴുന്നേൻ

വിക്ഷേപം വൃത്തിയെല്ലാം വിഷയവഴിയിള-
യ്ക്കുമ്പോൾ വല്ലാതെ വാടും
മോക്ഷാർത്ഥിക്കാശ്വസിപ്പാൻ ഹൃദി ശുകഭഗവത്-
പാദരിത്യാദി തോന്നും
പക്ഷേ, സന്ദേഹവും തോന്നിടുമപരിചയം-
കൊണ്ടു പര്യാപ്തമായ് മേ
സാക്ഷാലുണ്ടിന്നു നാരായണഗുരുപദമെ-
ന്നൻപിൽ ഞാൻ കുമ്പിടുന്നേൻ.

## എഡ്വാർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന

അൻപിടെന്നരികത്തിലന്തി ജവമായ്
വന്നെത്തിടുന്നു വിഭോ!
വമ്പിച്ചോരിരുൾ മൂത്തിടു,ന്നരികിൽ
വന്നൻപോടുമൻപീട്ടു നീ;
കമ്പം ബാന്ധവർ തേടവേ, സുഖമശേഷം
കൈവെടിഞ്ഞീടവേ-
യെൻപോറ്റി! ഗതിയറ്റവർക്കു ഗതിയേ!-
യെൻമുൻപിലൻപീട്ടു നീ.

ജീവൻതൻ ചെറുതാം ദിനം ഝടിതി
പാഞ്ഞന്തം ഗമിക്കുന്നിതാ
ഭൂവിൽ ഭൂതികൾ മങ്ങിടുന്നതിലെഴും
പ്രഖ്യാതി മായുന്നിതേ,
ഭാവങ്ങൾക്കു വികാരവും വിലയവും
താൻ കാണ്മതെല്ലാടവും,
ദേവാധീശ്വര! നിർവ്വികാര! തുണയാ-
യെൻമുമ്പിലൻപീട്ടു നീ!

വന്നീടൊല്ല ഭയങ്കരാകൃതിയെഴും
രാജാധിരാജത്വമാർ-
ന്നെ,ന്നാൽ നന്മയുമൻപുമായ്, കരയുഗത്തിൽ
ശാന്തി കയ്യേന്തിയും,
എന്നല്ലശ്രുവൊടും വിപത്തി,ലലി-
വർത്ഥിച്ചാലെഴും ഹൃത്തൊടും
വന്നാമട്ടയി! ദീനബാന്ധവമണേ!-
യെൻമുമ്പിലൻപീട്ടു നീ.

പോകും നാഴികതോറുമെന്നരികിൽ നീ-
യെത്താൻ കൊതിക്കുന്നു ഞാ-
നാകുന്നേതിനു മോഹശക്തിയെയകറ്റാൻ
നിൻകൃപയ്ക്കെന്നിയേ?
ഏകൻ നിന്നൊടു തുല്യനാരിവനു

നേതാ!വാവിഭോ! താങ്ങുമാ-
റാകാം ദുർദ്ദിനമോയിനിസ്സുദിനമോ-
യെന്നുമ്പിലൻപീട്ടു നീ.

പേടിക്കാ രിപുതന്നെ ഞാനരികി-
ലാശിസ്സിന്നു നീ വാഴവേ
തേടാ കഷ്ടത ഭാരവും കദന-
മേകാ തെല്ലു കണ്ണീരുമേ!
കേടേകും യമദംഷ്ട്രയെങ്ങു! മൃതിയെങ്ങോ
നിൻ തദീയം ജയം?
മൂടുന്നെൻ മിഴി മുമ്പു നിന്നഭയഹസ്തം
പോക്കി നിൽക്കീശ! നീ.

നിന്നീടെൻ തിരുമേനിതാൻ മറയുമെൻ
കൺമുമ്പു കണ്ടീടുമാ-
റെന്നല്ലായിരുളൂടെ മിന്നുകയെനി-
ക്കായ് ദ്യോവു കാട്ടീടുക
വന്നു സ്വർഗ്ഗമതിന്നുഷസ്സ,വനി മായാ-
ച്ഛായ മായുന്നതേ-
യൊന്നായ് വാഴ്കകിലും, മരിക്കിലുമട്ട-
ത്തൻപീട്ടുകെൻ പോറ്റി നീ
- 1909

## ഒരു വിവാഹമംഗളപ്രാർത്ഥന

എപ്പോഴും വേർപെടാതുള്ള വരവിവൊട്ടുപണ്ടാദി ദാമ്പത്യമാർന്നോ-
രിപ്പോഴും ശോഭ ചേർപ്പോരഭിനവമിഥുനത്തിനു സാന്നിദ്ധ്യം മൂലം
കല്പിച്ചീ രണ്ടുപേർക്കും പൊഴിക ചിരശുഭാധാനദക്ഷം കടാക്ഷം
മുപ്പാരാകും കുടുംബത്തിനു മുഴുവനുമുള്ളേകമാതാപിതാക്കൾ

ശ്രീവാണീപത്മജന്മാർ, പരമരിയ രമാമാധവന്മാർ, ശിവന്മാർ
ദേവന്മാരാശചീന്ദ്രാദികളൃഷികൾ സപത്നീകർ, വല്ലീഗുഹന്മാർ
സാവിത്രീസത്യവാന്മാർ തുടരുമതിമഹത്തുക്കൾ ജായാവരന്മാ-
രാവിർമ്മോദം കനിഞ്ഞേകുക മിഥുനമിതിന്നവ്യയം ഭവ്യമെന്നും

നിർമ്മായമീശ്വരപദത്തെയുമോർത്തു നിത്യം
ധർമ്മത്തേയും നവവധൂവരരേ ! ഭവാന്മാർ
കർമ്മങ്ങൾ ചെയ്തു കുലപാവനരാക! യുഷ്മ-
ച്ഛർമ്മത്തിനായ് വരിക ശാശ്വതഗൃഹ്യധർമ്മം

കാണി കൽമഷമെഴാതെ സൗഹൃദം
പേണുവിൻ മിഥുനമെയഭിന്നമായ്
പ്രാണനും തനുവുമെന്നപോൽ ചിരം
വാണു നിങ്ങൾ പുരുഷാർത്ഥമേലുവിൻ.

## സരസ്വതീപഞ്ചകം

സാമോദം സത്യലോകപ്രമദവനസരോമണ്ഡപത്തിങ്കൽ വിശ്വം
വ്യാമോഹിപ്പിച്ചു വെള്ളക്കമലമലരതിൽക്കാലുമേൽക്കാലുമേറ്റി
സീമാതീതം രസിക്കും സഖികൾനടുവു സംഗീതരംഗത്തിൽ മേവും
വാമാംഗി വീണവായിപ്പവൾ വരമരുളീടേണമെൻ വാണിമാതാ.

2
ദേവീ! നിൻ തൃക്കടക്കൺമുന സുഭഗതമേ രാഗവിസ്താരലോലം
ഹാ! വീക്ഷിച്ചന്തരംഗാകുലത തടവിയേകാന്തഗാനാന്തരത്തിൽ
ഭാവം മാറീടവേ നിൻ കരതലഗതമാം പൊൻവിപഞ്ചീവിലാസം
ലാവണ്യത്തിൽ ഭ്രമിക്കും വിധിയെ ലയസമാധിക്കു ലാക്കാക്കുമമ്മേ.

3
ഓമൽസംഗീതവും സാഹിതിയുമുടലതായ്ത്തിങ്ങിവിങ്ങുന്നയേ നീ-
യീ മന്നിൽപ്പൂവിലോലും മധുവുമുദിതനിർഹാരി സൗരഭ്യവുംപോൽ
ആമോദം ലോകമേലുന്നതു പുനരതിനാലാണു കല്യാണരൂപേ
നാമോതാം നീ വെടിഞ്ഞാൽ ഭുവനമഖിലവും ശാരദേ സാരഹീനം

4
എന്താകും ധർമ്മമെന്താം നൃപതിനയമഹോ സ്വർഗമോക്ഷങ്ങളെന്താ-
മെന്താം വാശേവതേ നിൻപതിയുടെ കരസാമർത്ഥ്യചിത്രം ജഗത്തും
ചിന്താരംഭങ്ങളീമന്നകമതിലയിതാവും കിനാവെന്നിയെന്താ-
മെൻതായേ നീ വെടിഞ്ഞാലുലകിടമുടനേ മൂകമാം ലോകവന്ദ്യേ.

5
തെല്ലായാലും സ്വയം നീ ജനനി കനിയുകിൽത്തേനൊഴുക്കാർന്ന വാക്കാൽ
വെല്ലാനും വിശ്വമെല്ലാം വിധിയെ വശഗനാക്കാനുമാർക്കാണശക്യം
വല്ലാതാർത്തിപ്പെട്ടുന്നേനടിയനു വരദേയാശ്രയം പാർക്ക തൃക്കാ-
ലല്ലാതില്ലംബ വാഗീശ്വരി കരുണ ലവം പെയ്ക വൈകാതെ തായേ.
-1908

## ശിവമാഹാത്മ്യസ്തോത്രം

നിന്മാഹാത്മ്യംബുധിക്കുള്ളൊരു മറുകരക-
ണ്ടോതണം സ്തോത്രമെങ്കിൽ
ബ്രഹ്മാദ്യന്മാർക്കുമാകില്ലവരുമതറിയാ-
തല്ലയോ ചൊല്ലിടുന്നു
ചെമ്മേ താന്താനറിഞ്ഞുള്ളളവധ കഥനം-
ചെയ്യുമെല്ലാരുമെന്നാ-
ലെന്മേലും കുറ്റമില്ലി സ്തുതിയതിനു തുനി-
ഞ്ഞൻപൊടും ഞാൻ പുരാരേ!
ദൂരം! ദൂരം! നിനച്ചാൽ തവ മഹിമ വരി-
ല്ലങ്ങു വാക്കും മനസ്സും
നേരേ വ്യാവൃത്തിയെന്യേ നിഗമനിചയവും
ഭീതിയാർന്നോതുകല്ലേ?
ആരോരുന്നൊരു വാഴ്ത്തുന്നതിനെയതിനെഴും
ധർമ്മമേ നോക്കിലെന്നാൽ
മാരാരേ! നിന്റെ ഗൗണാകൃതിയെ മതിയിലാ-
രേന്തുകില്ലാരുരയ്ക്കാ?

തേനോളം തല്ലിയോലുന്നമൃതമധുരശ-
ബ്ദങ്ങൾ നിർമ്മിച്ചവൻ നീ
വാനോർതൻ ദേശികൻ വാഴ്ത്തിയ മൊഴികളിലും
വിസ്മയിക്കില്ലയല്ലോ
ഞാനോ പിന്നെ സ്മരാരേ! തവ മഹിമയെ വർ-
ണ്ണിച്ചു പുണ്യം ലഭിച്ചേൻ
ഹീനോക്തിക്കും മഹത്ത്വമരുവതിനധുനാ
ബുദ്ധിവച്ചത്രതന്നേ.

വേദം വാഴ്ത്തുന്നതാം നിൻ വിഭ്രത വിവിധമാം
വിശ്വമുണ്ടാക്കിനിർത്തി
ക്ഷോഭിക്കുന്നായതല്ലോ ത്രിഗുണവിവൃതിയാൽ
മൂർത്തിമാർ മൂന്നുപേരും
ആ തത്ത്വം ധിക്കരിക്കുനതിനധമമനോ-
രമ്യമാമ്മാറു കഷ്ടം

വാദിച്ചീടുന്നു ദുർബുദ്ധികൾ വരദ! വെറും
ശുഷ്കവാദോൽക്കരങ്ങൾ

എന്തിച്ഛിച്ചെന്തുകൊണ്ടിത്രിഭുവനമഖിലം
സൃഷ്ടിചെയ്തീശനെന്ന-
ല്ലെന്താണാധാരമെന്താണവനു വടിവിതി-
ന്നെന്തുപാദാനമെന്നും
അന്ധത്വത്താൽ കുതർക്കം ചിലരെയിഹ ചതി-
ക്കുന്നഹോ നിന്മഹത്വം
ചിന്തിക്കാതീശ വായാടികളവർ വഷളാ-
ക്കുന്നു വിശ്വത്തെയെല്ലാം
ഉണ്ടാകാതുള്ളതാമോ സ്വയമവയവവ-
ത്താകുമീ ലോകമെല്ലാ-
മുണ്ടായെന്നാലധിഷ്ഠാപകനൊരുവനൊഴി-
ഞ്ഞേതുമുണ്ടാവതുണ്ടോ?
ഉണ്ടോയിന്നീശനല്ലാതൊരുവനഖിലസൃ-
ഷ്ടിക്കു സന്നദ്ധനാവാൻ?
കണ്ടാലും ദേവ, നിന്നിൽ ഖലജനമിഹ സ-
ന്ദേഹമേന്തുന്നുവല്ലോ!

വേദാന്തം, സാംഖ്യതത്ത്വം, വരദ, ഫണിമതം
വൈഷ്ണവം, ശൈവമേവം
ഭേദംതേടുന്ന പന്ഥാക്കളിലിഹ രുചിഭേ-
ദങ്ങളാൽത്തങ്ങിയൊന്നിൽ
മോദാൽപ്പോകും ജനം നിൻകഴലിണയിൽ വരും
നേരെയാഞ്ഞോ വളഞ്ഞോ,
നീതാനല്ലോ സ്മരാരേ, ശരണമിഹ നരർ-
ക്കപ്പുകൾക്കബ്ധിപോലെ

എല്ലും തോലും കപാലം മഴു ഗദയെരുതും
ചാമ്പലും പാമ്പുമല്ലാ-
തില്ലല്ലോ കേവലം നിൻകരമതിലൊരു വൻ-
പൊത്ത സമ്പത്തു ശംഭോ-,

ചില്ലീയുഗ്മം ചുളിച്ചെങ്കിലുമിഹ സുരരി-
ച്ഛിച്ചതേകുന്നഹോ! നീ
തെല്ലും സ്വാത്മാഭിരാമൻ വിഷയമരുജല-
ത്തിൽ ഭ്രമിക്കില്ലയല്ലോ!

നിത്യംതാനെന്നൊരുത്തൻ ഭുവനമഖിലവും
നിന്ദ്യമല്ലെന്നൊരുത്തൻ
നിത്യാനിത്യങ്ങളെന്നായ് നിയതമിഹ പദാർ-
ത്ഥങ്ങൾ രണ്ടെന്നൊരുത്തൻ
ഇത്ഥം ചൊല്ലിക്കുഴങ്ങുന്നജ, തവ പദപ-
ത്മത്തെയീ നിസ്ത്രപൻ ഞാൻ
വാഴ്ത്തീടുന്നെന്റെ വാചാടതയുടെ വലുതാം
ധൈര്യമാശ്ചര്യമല്ലേ?

ബ്രഹ്മാവും വിഷ്ണുവും നിന്നടിമുടികളള-
ന്നീടുവാൻ പാടവംപൂ-
ണ്ടമ്മേലും കീഴുമോടീട്ടവശതയിലഹോ
മഗ്നരായഗ്നിരൂപിൻ!
നിന്മാഹാത്മ്യത്തെ വാഴ്ത്തിപ്പുനരവർ നിതരാം
ഭക്തിയാൽ പിന്നെ നീതാൻ
നിൻമൂർത്ത്യാ നിന്നുപോൽ-നിൻ പരിചരണ ഫലി-
ക്കാതെപോകില്ലയല്ലോ.

മുപ്പാരും കീഴടക്കീ,യരികൾ മുതിരുവാ
നാരുമില്ലാതെയായി,
കെല്പേറും കൈകളെല്ലാമടരിനഥ തരി-
പ്പെട്ടു, മുട്ടി ദശാസ്യൻ;
ത്വല്പാദബ്ജങ്ങളിൽതാൻ വരദ, തലകളാം
താമരപ്പൂക്കൾ മേന്മേ-
ലർപ്പിച്ചാബ്ബാഢഭക്തിക്കുടയ ഫലമതിൻ-
പ്രൗഢിയല്ലേയിതെല്ലാം

നിന്നെസ്സേവിച്ചു സിദ്ധിച്ചൊരു ബലഗരിമാ-

വാർന്ന ബാഹുവ്രജത്താ-
ലന്യൂനം മുഷ്കവൻ നിൻ തിരുവസതിയിലും
ധൃഷ്ടനായ് കാട്ടിയല്ലോ
ഒന്നംഗുഷ്ഠം ചലിപ്പിച്ചവിടെയരുളിയെ-
ങ്കിൽക്കഴിഞ്ഞില്ലയോ പോയ്
നിന്നോ പാതാളമോളം ശിവ മഹിമവരിൽ-
ക്കെട്ടു മുഡ്ഢാളരെല്ലാം.

ജൃംഭിക്കും ഭൃത്യദൈത്യാവലിയുടെ വിളയാ-
ട്ടായി വിശ്വം ജയിച്ച-
ജ്ജംഭാരിക്കുള്ള ചൊല്ലുള്ളൊരു വലിയ വലു-
പ്പത്തെയും താഴ്ത്തി ബാണൻ
ശംഭോ! ചിന്തിക്കിലെന്തദ്ഭുതമവയിലവൻ
നിന്റെ സേവാർത്ഥിയല്ലോ
നിൻപാദാംഭോരുഹത്തിൽ സ്വയമവനതിയാർ-
ക്കുന്നതിക്കായ് ഭവിക്കാ?

പെട്ടെന്നെല്ലാ പ്രപഞ്ചങ്ങളുമുടനെ പരി-
ദ്ധ്വസ്തമാമെന്ന പേടി-
പ്പെട്ടീടും ദേവ, ദൈതേയരിലലിവൊട്ടു നീ
കാളകൂടം കുടിച്ചു
കെട്ടിക്കണ്ഠത്തിലിപ്പോളതു വരദ! കറു-
ത്തെങ്കിലും കാന്തിയേന്തു-
ന്നൊട്ടല്ലോർത്താൽ ജഗത്തിൻഭയഹരണ വരും
ഭംഗവും ഭംഗിയല്ലോ.

ദേവൻ ദൈത്യൻ മനുഷ്യനുമുതലഖിലജഗ-
ത്തിങ്കലും കോൾതകർക്കും
തേവന്നിന്നെയ്ത്ത ബാണം ശിവ! തിരിയെവരു-
ന്നില്ലയാ മല്ലബാണൻ
ഭാവിച്ചു നിന്നെയന്യാമരനിരയിലൊരാ-
ളെന്നു, തീർന്നു ചരിത്രം
ഭുവിൽ സ്മർത്തവ്യനാ;യീ യമികളൊട്ടു പിണ-

ങ്ങീടുകിൽ കേട്ടുതന്നെ.

പാദം തട്ടിപ്പുരങ്ങിപ്പൃഥിവി പൊടിയുമാ-
റായിടുന്നംബരത്തിൽ
ഖേദം തേടുന്നു വീശ്ശും ഭുജപരിഘമടി-
ച്ചർക്കചന്ദ്രാദിയെല്ലാം
മീതേ കേടറ്റ കറ്റജ്ജടയുടെയടിയാൽ
വെമ്പിടുന്നമ്പർനാട്ടും
നീതാൻ രക്ഷ്യ്ക്കുമാടുന്നനഘ! ബത! മിട്ടു-
ക്കിന്റെ മട്ടേ മറിച്ചാം.
-: അപൂർണ്ണം :-

## ശിവഭക്തിപഞ്ചകം

ത്വല്പാദചിന്തനകൾ ദേവ,യെനിക്കു യോഗ-
ശില്പങ്ങളായ് വരിക, നിൻ ചരിതാമൃതങ്ങൾ
കല്പങ്ങളായ് വരിക,യെൻ കരണേന്ദ്രിയങ്ങൾ
പുഷ്പങ്ങളായ് വരിക നിൻ പദപൂജചെയ്‌വാൻ.

അത്യന്തബദ്ഭുതമതായറിവുള്ള ലോകം
നിത്യം പുകഴ്ത്തുമൊരു നിന്റെ കഥാമൃതങ്ങൾ
ബദ്ധാദരം ബഹു നികർന്നിനിയെന്നു ശംഭോ!
ചിത്തം കുളിർത്തു ചൊരിയുനതു കണ്ണുനീർ ഞാൻ!

രുദ്രാക്ഷവും രജതകാന്തി കലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയപാർശ്വമാർന്നു
ചിദ്രൂപ, നിൻ ചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു നയിക്കുമീ ഞാൻ.

ചിന്തിച്ചു ഇന്റെ പദമേറെയലിഞ്ഞു, ചിത്തം
വെന്തേറിട്ടും വിരഹവേദന ഞാൻ പൊറാതെ
അന്തസ്സിടിഞ്ഞു കരയുമ്പൊഴുതശ്രുധാര
ചിന്തി സ്വയം ശിശിരമാവതുമെന്നു ശംഭോ!

ഇദ്ദേഹമിന്ദ്രിയവുമർത്ഥവുമേകമാക്ക-
മുദ്ദമമാമറിവെഴുന്നറിവും വെടിഞ്ഞു
അദ്വൈതമായൊഴുകുമമ്പതിലാഴ്ന്നിഴിഞ്ഞെൻ
ചിദ്ദേവതേ, ചിരമിരിപ്പതുമെന്നഹോ ഞാൻ.
- 1912

## കരുണാനിധിസ്തോത്രം

കാറകന്ന തെളിഞ്ഞൊരംബര-
വീഥിയിൽക്കുളിർതെന്നൽപോൽ
ചേറകന്ന വിളങ്ങിടും നെടു-
ചോലയിൽത്തെളിനീരുപോൽ
മാറിയിമ്മലമൊക്കെയെൻമന-
താരിലാരിലുമൊന്നുപോൽ
ഊറിയൻപു പരക്കുമാറു തു-
ണയ്ക്ക നീ കരുണാനിധേ.
(അപൂർണ്ണം)

കാണപ്പെടുന്ന വിഷയങ്ങൾ കലർന്നുനിന്നു
കാണുന്ന കാഴ്ചയതിലായ്ക്കുണവും മറഞ്ഞു
ചേണുറ്റ ചിദ്ദ്യുതിയൊടും ശിവചന്ദ്രബിംബം
കാണുന്നു കൗമുദി പരന്നിനിയെന്നഹോ ഞാൻ.
(അപൂർണ്ണം)

സുഖയതി ഹൃദയം മേ ചന്ദ്രികാ വിശ്വമാതാ:
കിമിഹ സുഖനിദാനം ദേവി ചന്ദ്രോ ജഡാത്മാ
ന വിധുരയമിയം വാ കൗമുദീ നേദമഭ്രം
വദനമമലഹാസശ്ചാപി തേ കേശപാശ:
- ഏപ്രിൽ 1917

വിവിധകുസുമരത്നൈർവീരുധാം ഭൂഷിതാംഗ:
കളരവകളകണ്ഠൈർഗായകൈ: സ്തൂയമാന:
പരിലസതി വസന്തേ പർവ്വതസ്സര്വ്വകാന്തേ
ക്ഷിതിഭൃദിവ ഹി സാക്ഷാന്നിർഝരോദാരഹാര:
- 1902

ദധദമലകലാമിവൈന്ദവീം
ദളിതതമാ: സ്വവിഷാണലേഖയാ
വിശദയതു ഗതിം വിശൃംഖലാം

മമ ഭഗവാൻ സുമുഖോ, മതംഗജഃ.

വ്യാപ്യ വാങ്മയമിദം ജഗത്സ്ഥിതാ
വ്യാതനോതു മമ ദേവതാ ശ്രിയം
കാപി ഹസ്തപരിവാദിനീഗളൽ
കാകളീലയകലാകുതൂഹലാ!

ഉൾക്കൊണ്ട തീയതിലുമാപതി തന്റെ കണ്ണിൽ
ചൊൽക്കൊണ്ടെഴുന്ന മമ ശാർക്കരയാർന്ന ദേവി
ഉൽക്കണ്ഠപൂണ്ടിവനിലെപ്പൊഴുമുള്ളിലൻപു
കൈക്കൊണ്ടു നിൽക്കണമൊഴിക്കണമാർത്തിയെല്ലാം

കൈവേലുമായ് മരതകാംചലകാന്തിപൂണ്ട
മെയ്വർണ്ണമാർന്ന മയിലേറിയ മോഹനാംഗൻ
ദൈവജ്ഞമൗലി മമ ദീനദയോപയോധി
കൈവല്യമൂർത്തി കൃപചെയ്യുക കാർത്തികേയൻ.
- മെയ് 1904

## ഭാഷാമേഘസന്ദേശം

കാണപ്പെട്ടുള്ള കൃത്യസ്ഖലനമതിനൊരാ-
ണ്ടാർന്ന കാന്താവിയോഗം
ക്ഷീണശ്രീയാകുമാറദ്ധനദനുടെ കടും
ശിക്ഷയാൽ യക്ഷനേകൻ
വാണാൻ വൈദേഹി നീരാടിയ മഹിമയെഴും
വാരിയും ഭൂരിവൃക്ഷ-
ശ്രേണീച്ഛായാഭിരാമാങ്കണനിരയുമെഴും
രാമഗിര്യാശ്രമത്തിൽ.

യോഷാരത്നത്തെ വേർപെട്ടതിലഥ ചില മാ-
സം കഴിച്ചാമുഴങ്കൈ
ശോഷിച്ചൂരിത്തെറിച്ചങ്ങനെ വളകൾ വെടി-
ഞ്ഞീടുമാക്കാമി കണ്ടാൻ
ആഷാഢത്തിന്റെയൊന്നാംദിനമതിലൊരു മേ-
ഘം തടംപുക്കു മന്ദ്രാ-
ഘോഷം കുത്തിക്കളിക്കും കരിയൊടുകിടയാം
കാന്തിപൂണ്ടന്തികത്തിൽ.

ഒട്ടേറെക് ഖേദമുണ്ടെങ്കിലുമതികുതുകം
ചേർക്കയാൽ യക്ഷനുള്ളിൽ-
ക്കെട്ടിസ്തംഭിച്ച കണ്ണീരൊടുമതിനെ നെടും
ചിന്തയാൽ നോക്കിനിന്നാൻ
തിട്ടം സംഭോഗികൾക്കും തരളത കരളി-
ന്നേകുമാമേഘമാക്കെ
കെട്ടിപ്പുൽകാൻ കൊതിക്കും കമനിയകലെയാം
കാന്തനെന്തായിരിക്കും.

വന്നെത്തീടും നഭസ്സിൽ പ്രണയിനിയവൾ വാ-
ണീടണം പ്രാണനാർന്നി-
ട്ടെന്നിച്ഛിച്ചംബുജത്തിൻവഴി നിജസുഖവൃ-
ത്താന്തമെത്തിക്കുവാനായ്

ഉന്നിച്ചെന്നാശു പുത്തൻ കുടജമലരതും
ളുകിയാവന്ന മേഘം-
തന്നെപ്പൂജിച്ചു തുഷ്ട്യാ കുശലവുമനമോ-
ദിച്ചു ചോദിച്ചു യക്ഷൻ.

തീ വെള്ളം കാറ്റു മറ്റും പുകയിവ തിരളും
തുച്ഛമാം മേഘമിന്നെ-
ങ്ങാ വൈദഗ്ദ്ധ്യം കലർന്നുള്ളൊരുവനിഹ വഹി-
ക്കേണ്ട ദൂതെങ്ങു പാർത്താൽ
ഏവം തെല്ലും നിനയ്ക്കാതവനതിനൊടുമു-
ൽക്കണ്ഠയാലന്നിരന്നാൻ
പോവില്ലേ ചേതനാചേതനമിവയൊടുമർ-
ത്ഥിച്ചു കാമാതുരന്മാർ?

പേരാളും പുഷ്കരാവർത്തകനിരയുടെ വംശത്തിലുദ്ഭൂതനിച്ഛാ-
ചാരൻ വിണ്ണോർവരൻ തന്നുടെയനുചരനാണങ്ങു ഞാനിങ്ങറിഞ്ഞേൻ
ദൂരസ്ഥൻ ദൈവയോഗാലിവനിവിടെയിരക്കുന്നു വേണ്ടീലയിഷ്ടം
പൂരിച്ചില്ലെങ്കിലും പ്രാർത്ഥന വലിയവരോടല്പരേകുന്നതേക്കാൾ.
[അപൂർണ്ണം]

മയൂരസന്ദേശം
ശ്രീമാൻ വഞ്ചിക്ഷിതിഭൃദുരഗർക്ഷോത്ഭ-
വോ ഭാഗിനേയീം
ലക്ഷ്മീം വിശ്വോത്തരഗുണഗണൈസ്താം സ തൈ-
സ്തൈർഗരിഷ്ഠാം
ആർത്താം കുർവ്വൻ പ്രണയവസതേഃ പ്രേയ-
സോ വിപ്രയോഗാൽ
ചിക്ഷേപേ തം ബത നിരവധൗ കേര-
ളം ദുഃഖസിന്ധൗ.
(അപൂർണ്ണം)

പ്രസാധകർ

താളിളക്കം